www.malankaralibrary.com

**മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ്**

പത്തനംതിട്ട ഭദ്രാസനം

# യുവജ്വാല

ലക്കം 3 ത്രൈമാസ മാസിക 2024 ജൂലൈ - സെപ്റ്റംബർ



www.malankaralibrary.com



# യുവജ്വാല

ലക്കം 3 ത്രൈമാസ മാസിക ജൂലൈ - സെപ്റ്റംബർ

Published by
Office Bearers, MCYM Pathanamthitta 2024-25

**Malankara Catholic Youth Movement**
**Pathanamthitta Diocese**

Upasana Pastoral Centre
Attarikam Omalloor P.O
Pathanamthitta Dist., Kerala -689647

mcymptadiocese@gmail.com
www.facebook.com/mcymptadiocese
www.instagram.com/mcymptadiocese

Design & Layout: Ajosh M Thomas, Kadammanitta
Cover Photo : Libin Thomas, Vakayar

എം.സി.വൈ.എം പത്തനംതിട്ട
ഭദ്രാസന മുഖപത്രം

For Private circulation only

**Editorial**

www.malankaralibrary.com



# ശാശ്വത സമാധാനത്തിന്റെ കേദാരമായ പുനരൈക്യമേ സമാധാനത്തോടെ വരേണമേ....

അനൈക്യത്തിന്റെ ആലാത്തുകളെ പൊട്ടിച്ചെറിഞ്ഞ് ആഗോള കത്തോലിക്കാ സഭയുടെ കൂട്ടായ്മയിലേക്ക് മക്കളായ നാം ഓരോരുത്തരെയും ധന്യൻ മാർ ഈവാനിയോസ് പിതാവ് കൈപിടിച്ചുയർത്തിയിട്ട് 94 വർഷങ്ങൾ പിന്നിടുന്നു.... പിന്തിരിഞ്ഞു നോക്കുമ്പോൾ ആ വന്ദ്യ പിതാവ് എടുത്ത ഓരോ തീരുമാനങ്ങളും ദൈവനിവേശിതം ആയിരുന്നു എന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. “നിനക്കൊരു കുറവുണ്ട് പോയി നിനക്ക് ഉള്ളതെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുക്കുക” എന്ന് കർത്താവ് അരുളി ചെയ്തത് പോലെ തനിക്ക് ഉണ്ടായിരുന്നത് കൂടി വിട്ടു കൊടുത്തിട്ടാണ് മാർ ഈവാനിയോസ് പിതാവ് സർവ്വ സംഘപരിത്യാഗിയായി കത്തോലിക്കാ സഭയുടെ സംസർഗ്ഗത്തിലേക്ക് കടന്നു വന്നത്.സഭയ്ക്കും സമൂഹത്തിനും വേണ്ടി പോരാടുക എന്നതായിരുന്നു പിതാവിന്റെ ലക്ഷ്യം. അതുല്യമായ ബുദ്ധിയും നിഷ്കളങ്കമായ ദൈവഭക്തിയും ശ്രേഷ്ഠമായ സമുദായ ബോധവും കണ്ടു ഉത്കൃഷ്ടമായ ഒരു പദവിയിലേക്ക് ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട വന്ദ്യ വ്യക്തിത്വം. ആർഷഭാരത സംസ്കാരത്തിന് അനുയോജ്യമായ വേഷവിധാനങ്ങളോടും ജീവിതചര്യകളോടും കൂടിയ ഒരു സന്യാസ സമൂഹത്തിനുമുന്നിൽ നിന്നുകൊണ്ട് ഭാരത സുവിശേഷവൽക്കരണമെന്ന ലക്ഷ്യം പ്രാവർത്തികമാക്കാനും പിതാവിന് സാധിച്ചു.

ആ പുനരൈക്യം സഭയുടെ ഐക്യത്തിന്റെയും സമാധാനത്തിന്റെയും പൊൻ തൂവലായി മാറി കഴിഞ്ഞിരിക്കുന്നു. അതിനാലാണ് ഈ സഭയെ അതിവേഗം വളരുന്ന സഭയെന്ന് ജോൺപോൾ രണ്ടാമൻ മാർപാപ്പ വിശേഷിപ്പിച്ചത്. പുനരൈക്യത്തിന്റെ ശതാബ്ദി കടക്കുന്ന ഈ സഭ എത്രയോ ഭാഗ്യവതിയാണ്. നന്മയുടെ നീർച്ചാലുകളെ ഈ സമൂഹത്തിലേക്ക് ഒഴുക്കുവാൻ സുവിശേഷത്തിന്റെ വലിയ സന്തോഷം ഈ ലോകമെങ്ങും എത്തിക്കുവാൻ ഈ സഭയ്ക്ക് സാധിക്കുന്നു.പ്രാർത്ഥനയോടെ നമുക്കുമായിരിക്കാം.

ജയ് പുനരൈക്യം.

ഒത്തിരി സ്നേഹത്തോടെ
സുബിൻ തോമസ്
ചീഫ് എഡിറ്റർ
ഭദ്രാസന ജനറൽ സെക്രട്ടറി

യുവജ്വാല
എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസന
ത്രൈമാസ മാസിക

www.malankaralibrary.com



# Director's Voice

## പ്രിയ യുവജന സുഹൃത്തുക്കളെ.........

നമ്മുടെ സഭ പുനരൈക്യ ശതാബ്ദിക്കായി ഒരുങ്ങുകയാണ്. ഈ സഭയുടെ യൗവനം എന്ന നിലയിൽ നാം എത്രമാത്രം ഒരുങ്ങി. പുനരൈക്യം എന്ന ഭാഗ്യകരമായ ഈ സ്വപ്ന സാക്ഷാത്കാരത്തെക്കുറിച്ച് നിങ്ങൾ ഗൗരവമായി ചിന്തിച്ചിട്ടുണ്ടോ. എനിക്ക് നിങ്ങളോട് പറയാനുള്ളത് കുറിക്കട്ടെ.

യേശുവിന്റെ മൗതിക ശരീരമാണ് സഭ. നാം ഓരോരുത്തരും ഈ സഭയുടെ അവയവങ്ങളാണ്. ഇത് നിങ്ങൾ പതിവായി കേട്ട് വിരസത തോന്നുന്നുണ്ടോ? യേശു ഈ ലോകത്തിലേക്ക് വന്നത് ദൈവരാജ്യം സ്ഥാപിതമാക്കാനാണ്. എന്താണ് ദൈവരാജ്യം അത് മറ്റെവിടെയോ ഉള്ള ഒന്നല്ല. അത് ആകാശ സീമകൾക്ക് അപ്പുറവുമല്ല. നമ്മിലാണ് നമ്മുടെ ഇടയിലാണ് (ലൂക്കാ 17:21). ഈ ദൈവരാജ്യ ശുശ്രൂഷക്കായാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്.

### എന്റെ പങ്ക് എന്ത്?

നാം ദൈവമക്കളെങ്കിൽ ദൈവരാജ്യത്തിന് അവകാശികളുമാണ്. ഇത് ബലപ്രയോഗത്താൽ നേടുന്നതല്ല. ദൈവം ദാനമായി നൽകുന്നതാണ്. നശ്വരമായ ഈ ലോകത്ത് നാം ജീവിക്കുമ്പോൾ അനശ്വരമായതിനെ സ്വീകരിക്കാൻ നാം ഒരുങ്ങണം. ഒന്ന് ചിന്തിക്കു നാം പലപ്പോഴും ലോകത്തിന്റെ ചിന്തകൾക്ക് അടിയറവ് പറഞ്ഞവരല്ലെ. സ്വർഗം ദൈവരാജ്യം ഇവ നാം ഗൗരവമായി കണ്ടിട്ടുണ്ടോ?

തിരുസഭയുടെ മക്കളെന്ന നിലയിൽ ഇവയെല്ലാം ആഴത്തിൽ മനസ്സിലാക്കാനും അനേകർക്ക് പങ്ക് വെച്ച് കൊടുക്കാനും നമുക്ക് കഴിയണം.

പുനരൈക്യ ശതാബ്ദി നാം കാത്തിരിക്കുമ്പോൾ നാം ഓർമിക്കേണ്ട ഒന്ന് ധന്യൻ മാർ ഈവാനിയോസ് തിരുമേനി തന്റെ വിളിയോട് ശരിയായി പ്രത്യുത്തരിച്ചു എന്നതാണ്. ദൈവസമ്പാദനം ആണ് അത്യുത്തമം അതിനുവേണ്ടി സർവവും ത്യജിക്കുവാൻ ധീരമായി മുന്നേറാൻ അദ്ദേഹത്തിന് കഴിഞ്ഞു.

യുവജനങ്ങളെ നമ്മുടെയും വിളിയും ദൗത്യവും മറ്റൊന്നല്ല. നിങ്ങളെ ഏറെ ഹൃദയപൂർവം അഭിവാദ്യം ചെയ്തുകൊണ്ട് ഈ സഭയുടെ യുവത്വം നമ്മിലൂടെ ജ്വലിക്കട്ടെ എന്ന് ആശംസിച്ചുകൊണ്ട് നിർത്തട്ടെ.

സ്നേഹപൂർവം
ജോബച്ചൻ

www.malankaralibrary.com



# പുനരൈക്യ ശതാബ്ദിയും......യുവജന സഭയും

**ബിബിൻ എബ്രഹാം**
ഭദ്രാസന പ്രസിഡന്റ്

മലങ്കരയിൽ സമാധാനത്തിന്റെയും ശാന്തിയുടെയും നിറദീപം തെളിച്ച പുനരൈക്യം അതിന്റെ ശതാബ്ദിയിലേക്ക് കടക്കുകയാണ്. ഭിന്നതയുടെ ചങ്ങലകളെ തകർത്തെറിഞ്ഞുകൊണ്ട്, പരിശുദ്ധ ത്രിത്വത്തിന്റെ കൂട്ടായ്മയും ഐക്യവും വിളിച്ച പറഞ്ഞുകൊണ്ട്, സഭാഗാത്രം എന്നും ഒന്നായിരിക്കാനുള്ള മഹത്തരമായ ദൈവനിയോഗമാണ് ധന്യൻ മാർ ഈവാനിയോസ് പിതാവിലൂടെ മലങ്കരയിൽ സാധിതമായത്. 2030 സെപ്റ്റംബർ 20ന് പുനരൈക്യ പ്രസ്ഥാനം ശതാബ്ദിയിലേക്ക് എത്തുമ്പോൾ മലങ്കരയുടെ യുവത്വം ഐക്യത്തിന്റെയും കൂട്ടായ്മയുടെയും വക്താക്കൾ ആകുവാൻ തീക്ഷ്ണതയോടെ മുന്നോട്ട് വരേണ്ട കാലഘട്ടം കൂടിയാണ്.

സാർവത്രിക സാഹോദര്യത്തിന്റെ പടിവാതിലായ ഒരു കൂട്ടായ്മയിലേക്കുള്ള പ്രവേശനമായിരുന്ന മാർ ഈവാനിയോസ് പിതാവിന്റെ പുനരൈക്യം. അപ്പസ്തോലികതയുടെ നഷ്ടപ്പെട്ട തലങ്ങൾ വീണ്ടെടുത്തുകൊണ്ട് പൂർണമായി സത്യവിശ്വാസത്തെ പുൽകുവാൻ പുനരൈക്യം സഹായകമായി. യേശുനാഥന്റെ മനോഹരമായ പ്രാർത്ഥന പോലെ, നാം എല്ലാവരും ഒന്നായിരിക്കാനുള്ള ഐക്യത്തിന്റെ സന്ദേശം സഭയിലും സമൂഹത്തിലും പങ്കുവയ്ക്കുവാൻ ഓരോ പുനരൈക്യ വാർഷികവും നമ്മെ ഓർമിപ്പിക്കുന്നു. സുവിശേഷം സ്വീകരിക്കുകയും ആഘോഷിക്കുകയും ജീവിക്കുകയും ചെയ്യുന്ന, കൂട്ടായ്മയുടെ സ്ഥിരത മനസ്സിലാക്കുന്ന, സഹജീവികളെ സഹാനുഭൂതിയോടെ കാണുന്ന ഒരു സമൂഹമായി വളരുവാൻ സാധിക്കുന്നുണ്ടോ എന്ന ചോദ്യം മലങ്കരയുടെ യുവത്വത്തെ സംബന്ധിച്ചിടത്തോളം പുനരൈക്യം മുന്നോട്ടുവയ്ക്കുന്ന വെല്ലുവിളിയായി മാറണം.

യേശുവിനോടൊപ്പം നടക്കാൻ വിളിക്കപ്പെട്ടവരാണ് അവന്റെ സഹോദരങ്ങളായ നമ്മളെല്ലാവരും. ക്രിസ്തുവിന്റെ ശരീരമായ സഭയിലെ പ്രവർത്തന നിരതമായ അവയവങ്ങൾ എന്ന നിലയിൽ സഭയുടെ വിവിധങ്ങളായ കർമ മണ്ഡലങ്ങളിലെല്ലാം തന്നെ സജീവ സാന്നിധ്യമാകുവാൻ നമുക്ക് കടമയുണ്ട്. സഭാത്മകമായ ഒരു പ്രസ്ഥാനത്തിലെ അംഗങ്ങൾ എന്ന നിലയിൽ, ക്രിസ്തുവിൽ പ്രശോഭിതമായ ചിന്തകളും വാക്കുകളും പ്രവൃത്തികളുമാണ് ലോകം നമ്മിൽ നിന്ന് പ്രതീക്ഷിക്കുന്നത്. കാതോലികവും ശ്ലൈഹികവുംഏകവും വിശുദ്ധവുമായ സഭയുടെ വക്താക്കൾ ആകുവാനും, എന്തുകൊണ്ട് ഞാൻ കത്തോലിക്കാ വിശ്വാസിയായിരിക്കുന്നു എന്ന് ജീവിതം കൊണ്ട് സാക്ഷ്യപ്പെടുത്തുവാനും സാമൂഹിക പ്രതിബദ്ധതയുള്ള യുവ സമൂഹമായി വളരുവാനും നാം തയ്യാറാകുമ്പോൾ നമ്മുടെ യുവത്വം അർത്ഥവത്തായിത്തീരും.

ക്രിസ്തുവിന്റെസഭയുടെപൂർണ്ണതയുള്ളതുംമനുഷ്യത്വത്തെഅംഗീകരിക്കുകയും സംരക്ഷിക്കുകയുംചെയ്യുന്നതുംശബ്ദമില്ലാത്തവരുടെശബ്ദമായിപ്രതികരിക്കുന്നതും ദൈവവചനവും വിശുദ്ധ കുർബാനയും വിശ്വാസികൾക്ക് പകർന്നു നൽകുന്നതും രക്തസാക്ഷികളുടെയും വിശുദ്ധരുടെ മാധ്യസ്ഥം ഉള്ളതും ലോക ധാർമികതയുടെ കാവൽക്കാരിയുമായ പരിശുദ്ധ കത്തോലിക്കാ സഭയുടെ കാവൽക്കാരാകുവാൻ സ്വർഗ്ഗം നമ്മെ ക്ഷണിക്കുന്നുണ്ട്.

ആ ദൗത്യം പൂർണമായി മനസ്സിലാക്കി ദൈവീക പാതയിൽ തീർത്ഥയാത്ര ചെയ്യാൻ ഐക്യത്തിന്റെ പൂർണതയായ പരിശുദ്ധ ത്രിത്വം നമ്മെ സഹായിക്കട്ടെ.

PRESIDENTIAL DESK

www.malankaralibrary.com



# MCYM എന്റെ പ്രസ്ഥാനം



**അഡ്വ. ശ്രുതി തോമസ്**
വി. കോട്ടയം യൂണിറ്റ്

ഒരു വീടിന്റെയും, സമൂഹത്തിന്റെയും, സഭയുടെയും നട്ടെല്ല് യുവജനങ്ങളാണെന്നുള്ള അടിസ്ഥാന ചിന്തയിൽ നിന്നാണ് യുവജനങ്ങളുടെയും, സഭയുടെയും വളർച്ചയ്ക്ക് മുതൽക്കൂട്ടാകാൻ സഭാഘടനയിൽ യുവജന പ്രസ്ഥാനത്തെ വാർത്തെടുത്തത്. കൗമാരത്തിനു ശേഷം മനുഷ്യനിൽ കാണപ്പെടുന്ന ജീവിത രീതിയെ യുവത്വം എന്ന് വിശേഷിപ്പിക്കുന്നു. വളരാനും, വളർത്താനും ഒരു മനുഷ്യന് ഏറ്റവും കഴിവും, അവസരങ്ങളും ലഭിക്കുന്നത് ഈ കാലഘട്ടത്തിലാണ്. എം.സി.വൈ.എം പ്രസ്ഥാനത്തിന്റെ അംഗങ്ങളായിരിക്കുവാൻ ഭരണഘടന നിർദേശിക്കുന്ന കുറഞ്ഞ പ്രായപരിധി 15 വയസ്സാണ്. പ്രവർത്തന മേഖലകൾക്ക് തുടക്കം കുറിക്കാൻ മനുഷ്യന് ഏറ്റവും ഉതകുന്ന ഒരു കാലഘട്ടമാണിത്. ഒരു യുവജനപ്രസ്ഥാനം എന്നതിൽ ഉപരി എന്താണ് എനിക്ക് എം. സി.വൈ.എം.

ക്രിസ്ത്യാനികളായ മാതാപിതാക്കന്മാർക്ക് ജനിച്ചു എന്നതിലുപരി പരസ്പരം സ്നേഹിക്കുവാനും, പങ്കുവെക്കുവാനും സാധിക്കുന്ന ഏതൊരുവനും ക്രിസ്ത്യാനിയാണെന്ന് എന്നെ പഠിപ്പിച്ച പ്രസ്ഥാനമാണ് എം.സി.വൈ.എം. ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ എല്ലാ വെല്ലുവിളികളെയും നേരിടുവാൻ ആധ്യാത്മിക വളർച്ചയിലൂടെ എനിക്ക് സാധിക്കും എന്ന് കാട്ടിത്തന്ന കുടുംബമാണ് എം.സി.വൈ.എം. ഒരു ക്രിസ്ത്യാനി പ്രാർത്ഥനയിലൂടെ മാത്രമല്ല പ്രവൃത്തിയിലൂടെ സുവിശേഷം പ്രഘോഷിക്കുന്നു എന്ന് എനിക്ക് ബോധ്യപ്പെടുത്തിയ അറിവിന്റെ ഊറ്റില്ലമാണ് എം.സി.വൈഎം. ഒരു ഫോണിന് അപ്പുറം സൗഹൃദങ്ങളെ പടുത്തുയർത്തുവാൻ എനിക്ക് അവസരം തന്ന വിദ്യാലയമാണ് എം സി വൈ എം.

ഒരു വേദിയുടെ മുൻപിലോ മറ്റ് ഏത് ഇടത്തായാലും സദസ്സിനെ അഭിമുഖീകരിക്കുവാനുള്ള ഊർജ്ജം നൽകുന്ന അനേകായിരം അവസരങ്ങൾ എനിക്ക് നൽകിയ വേദിയാണ് എം.സി.വൈ.എം. എന്നെ ഞാനാക്കി മാറ്റുവാൻ

www.malankaralibrary.com

ദൈവം എനിക്ക് നൽകിയ പഠന കളരിയാണ് എം.സി.വൈ.എം. ചുരുക്കത്തിൽ എന്റെ വ്യക്തി ജീവിതത്തെ വാർത്തെടുക്കുക മാത്രമല്ല സാമൂഹികമായും സാംസ്കാരികമായും ആധ്യാത്മികമായും എന്നെ വളർത്തി പരിപോഷിപ്പിക്കുന്ന ഒന്നാണ് എനിക്ക് എം.സി.വൈ എം.

സുവിശേഷ വൽക്കരണ പ്രക്രിയ സഭയിലൂടെ തുടരുവാൻ ദൗത്യം ലഭിച്ചവരാണ് ഓരോ എം.സി.വൈ.എം അംഗങ്ങളും. നമ്മുടെ ഇടയിൽ നാം നടത്തുന്ന ചെറുതും വലുതുമായ പ്രാർത്ഥന കൂട്ടായ്മകളും, പദയാത്രകളും, ധ്യാനവും ഈ ദൗത്യത്തെ മുൻനിർത്തിയാണ്. ഈശോയുടെ മൂന്നുവർഷത്തെ പരസ്യ ജീവിതം ശ്രദ്ധിച്ചാൽ നമുക്ക് ഒന്ന് മനസ്സിലാകും. പ്രാർത്ഥനയിൽനിന്ന് ഈശോ ശക്തി വാങ്ങുന്നത് പ്രവർത്തിക്കുവാൻ ആകുന്നു. അന്ധന് കാഴ്ചയും, രോഗികൾക്ക് സൗഖ്യവും, ഈശോ നൽകിയത് ദൈവരാജ്യം പ്രഖ്യാപനത്തിന്റെ ഭൗതികമായ തെളിവുകൾ ആയിരുന്നു. യുവജന സഭയുടെ അംഗങ്ങൾ എന്ന നിലയിൽ ഒരുമിച്ച് നമ്മൾ നടത്തിയ ധാരാളം പ്രവർത്തനങ്ങൾ; വെള്ളപ്പൊക്കത്തിന്റെ അവസരത്തിലും, ബഫർസോൺ വിഷയത്തിലും, ഇപ്പോൾ, വയനാട് ദുരന്തത്തിലും, യുവജനസഭ ദുരിതബാധിതരുടെ ഒപ്പമായിരുന്നത് പ്രവർത്തിയിലൂടെയുള്ള നമ്മുടെ ദൈവരാജ്യ പ്രഖ്യാപനങ്ങൾ ആയിരുന്നു.

പലരും നാമോരോരുത്തരോടും ചോദിക്കാറുണ്ടാകും. എന്താണ് നിങ്ങൾക്ക് ലാഭം? എന്ത് ലഭിച്ചു? മനുഷ്യരുടെ ലോകത്തിൽ, മനുഷ്യബുദ്ധിക്ക് അളക്കാനും പറയാനും സാധിക്കുന്ന ഒന്നും നമുക്ക് ലഭിച്ചിട്ടുണ്ടാകില്ല. എന്നാൽ ഒരു ചെറുപുഞ്ചിരിയോടെ നമുക്ക് പറയാൻ സാധിക്കും. എനിക്ക് ലഭിച്ചത് എന്റെ ദൈവത്തെയാണ്, നല്ല സൗഹൃദങ്ങളാണ്, ഒരുപാട് നല്ല ഓർമ്മകളാണ്, നല്ല നിമിഷങ്ങളാണ്, നന്ദിയുടെയും, പ്രാർത്ഥനയുടെയും മുഖങ്ങളാണ്. മദർ തെരേസയെ പോലെ, വ്യാകുലപ്പെടുന്നവരിൽ ക്രിസ്തുവിന്റെ മുഖം ദർശിച്ചുകൊണ്ട് ക്രിസ്തോൻമുഖമായി നാം ഓരോ പ്രവൃത്തികളും ചെയ്യുമ്പോൾ അഭിമാനത്തോടെ സന്തോഷത്തോടെ നമുക്ക് പറയാം

എം സി വൈ എം എന്റെ പ്രസ്ഥാനമാണ്.



www.malankaralibrary.com



**ഫ്രൻസൺ ബിജു**
(പ്രസിഡന്റ്
പത്തനംതിട്ട വൈദിക ജില്ല)

# വചനവർഷവും വചനാധിഷ്ഠിത യുവത്വവും

ദൈവത്തോടുള്ള സമർപ്പണത്തിൽ ആരംഭിക്കുന്നതാണ് ഓരോ ക്രൈസ്തവന്റെയും ജീവിതം. നമ്മുടെ പ്രവർത്തനങ്ങളും തിരഞ്ഞെടുപ്പുകളുമാണ് മറ്റുള്ളവർ നമ്മളെ എങ്ങനെ കാണണമെന്ന് നിർവചിക്കുന്നതും ആത്യന്തികമായി നമ്മൾ ലോകത്തിനുമേൽ എന്ത് സ്വാധീനം ചെലുത്തുമെന്ന് തീരുമാനിക്കുന്നതും. ഈ ലോകത്തിൽ ഒരു സ്വാധീനം ചെലുത്താൻ നാം ആഗ്രഹിക്കുന്നുവെങ്കിൽ നമ്മെ നയിക്കാനും നമ്മുടെ ജീവിതത്തെ അവന്റെ ആഗ്രഹങ്ങൾക്കനുസൃതമായി രൂപപ്പെടുത്താനും നാം ദൈവത്തെ അനുവദിക്കണം.

ക്രൈസ്തവ യുവത്വം തഴച്ചു വളരുന്നതിന് അത്യന്താപേക്ഷിതമായ ഒന്നാണ് ദൈവവചനവുമായുള്ള ബന്ധം. ഹൃദയത്തിൽ ഒരു ആത്മീയ പക്വത രൂപപ്പെടാൻ ദൈവവുമായി നിരന്തരമായ സംസാരത്തിലൂടെയാണു സാധിക്കുക. എല്ലാ ദിവസവും കുറച്ച് സമയം വചനവായനയ്ക്കായി മാറ്റിവയ്ക്കുക. സ്വന്തം ജീവിതം ദൈവവചനത്തിന്റെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കുകയും നിങ്ങളുടെ ജീവിതത്തിൽ ദൈവവചനത്തിന് പ്രഥമ സ്ഥാനം നൽകുകയും ചെയ്യുക. അതോടൊപ്പം പ്രാർത്ഥനയ്ക്കും ആന്തരികതയ്ക്കും ആരാധനയ്ക്കും തുല്യ പ്രാധാന്യം നൽകുകയും ചെയ്യുക. യുവജനങ്ങളെ ഈശോയിലേക്ക് അടുപ്പിക്കാനായി ഫ്രാൻസിസ് പാപ്പാ നൽകിയ മൂന്നു നിർദ്ദേശങ്ങളിൽ ഒന്നാണ് ഇത്.

സഭയിൽ വചന വർഷമായി ആചരിക്കുമ്പോൾ വചനവായനയ്ക്കും പ്രഘോഷണത്തിനും നൽകേണ്ട പ്രാധാന്യത്തെക്കുറിച്ച് ചിന്തിക്കേണ്ട സമയം കൂടിയാണിത്. ഒരു

www.malankaralibrary.com

വചനാധിഷ്ഠിത ആധ്യാത്മിക ജീവിതത്തിൽ രൂപപ്പെട്ട് കഴിയുമ്പോൾ ദൈവവചനത്തിന്റെ ശക്തിയെക്കുറിച്ചും അത് മനുഷ്യനിൽ ഉണ്ടാകുന്ന ചലനങ്ങളെ കുറിച്ചും വ്യത്യാസത്തെ കുറിച്ചും നമുക്ക് തിരിച്ചറിയാൻ സാധിക്കും. ദൈവവചനത്തിന്റെ മാധുര്യത്തെക്കുറിച്ചും അത് നൽകുന്ന സന്തോഷത്തെക്കുറിച്ചും സങ്കീർത്തകൻ ഇപ്രകാരം പറയുന്നു: **അങ്ങയുടെ വാക്കുകൾ എനിക്ക് എത്ര മധുരമാണ്. അവ എന്റെ നാവിൽ തേനിനെക്കാൾ മധുരമാണ് (സങ്കീ. 119:103).** ചുരുക്കത്തിൽ ദൈവവചനം മനുഷ്യന്റെ മനസ്സിനെയും ബുദ്ധിയെയും ഹൃദയത്തെയും സ്വാധീനിക്കുന്നതാണ്. ദൈവത്തോട് ചേർന്ന് നിന്നുകൊണ്ട് ജീവിക്കുവാൻ മനുഷ്യനെ ശക്തിപ്പെടുത്തുന്നതും അങ്ങനെ പരിശുദ്ധാത്മാവിൽ വളരുന്നതിന് അവനെ സഹായിക്കുന്നതുമാണ് ദൈവവചനം.

വിശുദ്ധ ഗ്രന്ഥത്തെ കുറിച്ചുള്ള അജ്ഞത ദൈവത്തെക്കുറിച്ചുള്ള അജ്ഞതയാണ് എന്ന് വിശുദ്ധ ജെറോം പറയുന്നുണ്ട്. സഭയുടെ ഔദ്യോഗിക യുവജന പ്രസ്ഥാനത്തിൽ അംഗങ്ങൾ ആയിരിക്കുന്ന യുവജനങ്ങളെ സംബന്ധിച്ചിടത്തോളം ദൈവവചനത്തെക്കുറിച്ചുള്ള അജ്ഞത നമ്മുടെ പ്രവർത്തനങ്ങളിൽ ഉണ്ടാക്കിയേക്കാവുന്ന കുറവുകൾ ചെറുതല്ല. നമ്മുടെ പ്രവർത്തനങ്ങളെയും നിയോഗങ്ങളെയും പ്രശോഭിതമാക്കുവാൻ വചനാധിഷ്ഠിതവും ക്രിസ്തു ദർശിതവുമായ വഴികളിലൂടെ മുന്നോട്ടുപോയെങ്കിൽ മാത്രമേ സാധ്യമാവുകയുള്ളൂ.

വിശുദ്ധ ഗ്രന്ഥം വായിക്കുമ്പോൾ ദൈവം നമ്മോട് സംസാരിക്കും. ഓരോ ദിവസവും ദൈവത്തിന് നമ്മോട് പറയാനുള്ളത് കേൾക്കുവാൻ നമ്മൾ ഹൃദയത്തിന്റെ വാതിലുകൾ തുറന്നിടണം. ദൈവാത്മാവിനോട് കൂടി വിശുദ്ധ ഗ്രന്ഥം വായിക്കുമ്പോൾ നമുക്ക് വെറുതെ ഇരിക്കാൻ സാധിക്കില്ല. ഏതെങ്കിലും വിധത്തിൽ ഒക്കെ ദൈവാത്മാവിനോട് നമുക്ക് മറുപടി പറയേണ്ടിവരും. ചിലപ്പോൾ ദൈവവുമായി ആഴമായ ഒരു ബന്ധത്തിൽ ഏർപ്പെട്ടുകൊണ്ടായിരിക്കും. അല്ലെങ്കിൽ ജനങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുമായിട്ടായിരിക്കാം ഈ മറുപടി. എന്നാൽ മറ്റു ചിലപ്പോൾ നാം നിസ്സാരമാക്കി കളഞ്ഞ ആന്തരിക ക്രിസ്തീയ ജീവിതത്തോടുള്ള വെല്ലുവിളിയും ആകാം. ജീവിതത്തിൽ യേശുവിനെ പിൻചെല്ലുന്ന അനുഭവം ശക്തമാക്കാൻ വചനവായന ഉപകരിക്കും. അങ്ങനെ ദൈവവചനം നമ്മിൽ ജീവിക്കുന്ന യാഥാർത്ഥ്യമാവുകയും നമ്മുടെ മനസ്സിനെയും ചിന്തകളെയും പ്രകാശിപ്പിക്കുകയും നമ്മുടെ ഹൃദയങ്ങളെ ജ്വലിപ്പിക്കുകയും ചെയ്യും.

ദൈവം നമ്മോടു പറയാൻ ആഗ്രഹിക്കുന്ന കാര്യങ്ങൾ നാം സ്വീകരിച്ചു കഴിയുമ്പോൾ മാത്രമേ അത് സഭയിലും സമൂഹത്തിലും പ്രാവർത്തികമാക്കുന്ന, ജീവിക്കുന്ന ആധ്യാത്മികതയായി തീരുവാൻ നമുക്ക് സാധിക്കുകയുള്ളൂ. വിശുദ്ധ ബൈബിളിലൂടെ ലഭിച്ച ദൈവീകമായ അറിവ്, ആരാധനയിലൂടെ ആഴമായ അനുഭവമാക്കി തീർക്കുവാനും സമൂഹത്തിൽ ശുശ്രൂഷയുടെയും സഹാനുഭൂതിയുടെയും ജീവിക്കുന്ന സാക്ഷ്യമായി തീരുവാനും നാം പരിശ്രമിക്കേണ്ടിയിരിക്കുന്നു.

എമ്മാവൂസിലേക്ക് പോയ ശിഷ്യന്മാരുടെ അനുഭവത്തിൽ നാം കാണുന്നത്, വഴിയിൽ വച്ച് വിശുദ്ധ ഗ്രന്ഥം യേശു അവർക്ക് വ്യാഖ്യാനിച്ചു കൊടുത്തപ്പോൾ അവർക്കുണ്ടായ ദൈവാനുഭവമാണ്. ശക്തമായ ദൈവാനുഭവം മൂലം അവർ ജെറുസലേമിലേക്കു തിരികെ പോയി ക്രിസ്തുവിനു സാക്ഷ്യം നൽകി ജീവിച്ചു. സാക്ഷ്യം നൽകുക എന്ന് പറയുമ്പോൾ യേശു അനുഭവം മറ്റുള്ളവർക്ക് സ്നേഹമായി ശുശ്രൂഷയായി നൽകുക എന്നതാണ്.


വചനവർഷം സഭയിൽ ആചരിക്കുമ്പോൾ അത് വെറുമൊരു ആചരണമായി തീരാതെ, മലങ്കര സഭയുടെ യുവത്വം വിശുദ്ധ ഗ്രന്ഥം പൂർണമായി മനസ്സിലാക്കിയവരും ആ ആത്മീയതയിൽ സാക്ഷ്യ ജീവിതം നയിക്കുവാൻ ആഗ്രഹിക്കുന്നവരും ആയിത്തീരണം.

www.malankaralibrary.com



# പുനരൈക്യത്തിൽ സന്തോഷിക്കുന്ന യുവജനങ്ങൾ

**ജിജോ സി.വൈ**
ചിറ്റാർ യൂണിറ്റ്
സീതത്തോട് വൈദികജില്ല



സെപ്റ്റംബർ 20 ആഗോള മലങ്കര സുറിയാനി കത്തോലിക്കാ സഭയെ സംബന്ധിച്ചിടത്തോളം അഭിമാനത്തിന്റെയും സഭാ സ്നേഹത്തിന്റെയും ഐക്യത്തിന്റെയും സുദിനമാണ്. മാർത്തോമാ ശ്ലീഹായുടെ കൈവെപ്പാൽ സ്ഥാപിതമായ ഭാരതത്തിലെ ക്രൈസ്തവർക്കിടയിൽ കാലക്രമേണ ഉണ്ടായ ഭിന്നതകളും, കലഹങ്ങളും സത്യസഭയുടെ ദർശനങ്ങളിലേക്ക് മാർ ഈവാനിയോസ് പിതാവിനെ അടുപ്പിച്ചു. ദൈവ നാമങ്ങളാലും, പ്രാർത്ഥനകളാലും അലംകൃതമാകേണ്ട ദൈവാലയങ്ങളിൽ തർക്കങ്ങളും, കലഹങ്ങളും അടിക്കടി ഉയർന്നു വന്നപ്പോൾ, താൻ അനുഭവിച്ചറിഞ്ഞ ദൈവസ്നേഹം അനേകർക്ക് പകർന്നു നൽകാൻ ആ സന്യാസി മുണ്ടൻ മല വിട്ടിറങ്ങി. തികച്ചും വനഭൂമിയായിരുന്ന മുണ്ടൻ മലയെ തന്റെ വിയർപ്പും പണവും നൽകി അലങ്കൃതമാക്കിയ ആചാര്യൻ സർവ്വതും ഉപേക്ഷിച്ച് കാലി കീശയുമായി കത്തോലിക്കാ സഭ കൂട്ടായ്മയിലേക്കും, റോമിലെ പത്രോസ് ശ്ലീഹായുടെ പിൻഗാമിയായ മാർപ്പപ്പായ്ക്കും വിധേയത്വം പാലിച്ച് 1930 സെപ്റ്റംബർ 20ന് കത്തോലിക്കാ സഭയിലേക്ക് കത്തോലിക്കാ

www.malankaralibrary.com

വിശ്വാസം ഏറ്റുപറഞ്ഞു പുനരൈക്യപ്പെട്ടു.

ഒന്നുമില്ലായ്മയിൽ നിന്ന് തുടങ്ങി 5 ലക്ഷത്തിൽ പരം വിശ്വാസികളുള്ള, അന്ത്യോക്യൻ ആരാധനക്രമത്തിന്റെ പ്രാർത്ഥനാ ചൈതന്യം ഉൾക്കൊള്ളുന്ന, സ്വയ ഭരണാവകാശമുള്ള മേജർ ആർക്കി എപ്പിസ്കോപ്പൽസഭയായി വളർന്നു. ജോൺപോൾ രണ്ടാമൻ മാർപാപ്പ മലങ്കര സുറിയാനി കത്തോലിക്കാ സഭയെ അതിവേഗം വളരുന്ന സഭയെന്ന് വിശേഷിപ്പിച്ചിരുന്നു. കാലത്തിനനുസരിച്ച് പക്വതയോടെ വളരുന്ന സഭയായി മലങ്കര സുറിയാനി കത്തോലിക്ക സഭ മാറിക്കഴിഞ്ഞിരിക്കുന്നു. അശരണരെയും, പാവപ്പെട്ടവരെയും, അനാഥരെയും, സമ്പന്നരെയും, എല്ലാവരെയും ഒന്നുപോലെ സ്നേഹിക്കുന്ന സഭാ പിതാക്കന്മാരും, വൈദികരും, സന്ന്യസ്തരുമാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ മുതൽക്കൂട്ട്. സഭയെയും, സഭാ ദർശനങ്ങളെയും കൃത്യതയോടെ സ്വീകരിച്ച് പ്രാവർത്തികമാക്കുന്ന മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജനപ്രസ്ഥാനം മലങ്കര കത്തോലിക്കർക്ക് എന്നും അഭിമാനമാണ്. ഗ്രിഗോറിയോസ് പിതാവിനാൽ സ്ഥാപിതമായ മലങ്കര കാത്തലിക്ക് യൂത്ത് മൂവ്മെന്റ് (എം.സി.വൈ.എം) കത്തോലിക്കാ സഭയ്ക്ക് മാതൃക നൽകുന്ന പ്രസ്ഥാനമാണ്. സമൂഹത്തിന്റെ എല്ലാ മേഖലകളിലും പക്വതയോടും സഭാ അധ്യക്ഷൻമാരോട് ചേർന്നുനിന്ന് പ്രവർത്തിക്കുന്ന യുവജന പ്രസ്ഥാനം മലങ്കര സുറിയാനി കത്തോലിക്കർക്ക് അഭിമാനമാണ്.

മാർ ഈവാനിയോസ് പിതാവിന്റെ പുനരൈക്യ പാത പിന്തുടരുന്ന യുവജനങ്ങൾ ആദർശനങ്ങൾ നെഞ്ചോട് ചേർത്തുവയ്ക്കുന്നത് പുനരൈക്യത്തെ അത്രമാത്രം സ്നേഹിക്കുന്നതുകൊണ്ടാണ്. ഓരോ പുനരൈക്യ സംഗമവും വലിയൊരു കൂടിവരവിനാണ് സാക്ഷ്യം വഹിക്കുന്നത്.മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെഎല്ലാരൂപതകളുംസഭാവിശ്വാസികളും ഒന്നിച്ച് ഒരു തണലിൽ സ്നേഹത്തിൽ ഒന്നായിത്തീരുന്ന സുദിനമാണ് പുനരൈക്യദിനം.

മലങ്കര സുറിയാനി കത്തോലിക്ക സഭയിലെ യുവജനങ്ങളെ സംബന്ധിച്ച് ഏറെ സവിശേഷതകൾ നിറഞ്ഞദിനം കൂടിയാണ്, അതിനു കാരണം അന്നേ ദിനം നടക്കുന്ന അന്തർദേശീയ യുവജന സംഗമമാണ്. എല്ലാ രൂപതകളിലെയും, മിഷൻ മേഖലകളിലെയും യുവജനങ്ങൾ ഒന്നിച്ച് അണിനിരക്കുകയാണ് ഈ സംഗമ വേദിയിൽ. അതിനാൽ തന്നെ ഈ പുനരൈക്യ സംഗമം യുവജനങ്ങൾക്ക് ഏറെ സന്തോഷത്തിന് കാരണമാകുന്നു.

കേരളത്തിലെ എല്ലാ കത്തോലിക്ക സഭാ കൂട്ടായ്മകൾക്കുമായുള്ള യുവജനപ്രസ്ഥാനത്തി (K.C.Y.M) ലും എം.സി.വൈ.എം ഏറെ പ്രശംസകൾക്ക് സാക്ഷികളാവുന്നുണ്ട്. കെ.സി.വൈ.എം ന്റെ നേതൃത്വ നിരകളിൽ ശ്രദ്ധേയമായ സാന്നിധ്യം അറിയിച്ചിട്ടുള്ള യുവജന നേതാക്കന്മാർ മലങ്കര സുറിയാനി കത്തോലിക്ക സഭയിൽ നിന്നുമുണ്ട്. മാർ ഇവാനിയോസ് പിതാവ് വഴി നടന്നു കാണിച്ച് തെളിയിച്ചു തന്ന പാത പിന്തുടർന്ന് വരുന്ന യുവജനങ്ങൾ പിതാവ് ഏറ്റുപറഞ്ഞ സത്യവിശ്വാസങ്ങൾ (കാതോലികവും, ശ്ലൈഹീകവും, ഏകവും, വിശുദ്ധവുമായ, സഭയിൽ ഞാൻ വിശ്വസിക്കുന്നു) കൈമുതലാക്കിക്കൊണ്ട്,സത്യവിശ്വാസങ്ങളിൽ അടിയുറച്ച് മാർ ഈവാനിയോസ് പിതാവിനാൽ സ്ഥാപിതമായ മലങ്കര സഭയിൽ ഭാഗമായി കൊണ്ട് പുനരൈക്യത്തിൽ സന്തോഷിക്കുകയും,പുനരൈക്യത്തിന്റെ ഫലപ്രാപ്തികൾക്കായി പ്രയത്നിക്കുകയും ചെയ്യുന്നു. ഞാനൊരു മലങ്കര സുറിയാനി കത്തോലിക്കാ സഭാ വിശ്വാസിയായതിൽ അത്യധികം സന്തോഷിക്കുകയും, പുനരൈക്യത്തിലും കത്തോലിക്ക സഭയുടെ കൂട്ടായ്മയിലും അഭിമാനിക്കുകയും ചെയ്യുന്നു.

# ഭദ്രാസന വാർത്തകൾ

**സംഘടനാ പ്രതിനിധി മീറ്റിംഗ്**



അഭിവന്ദ്യ സാമൂവേൽ മാർ ഐറേനിയോസ് പിതാവിന്റെ അധ്യക്ഷതയിൽ ഓമല്ലൂർ ആറ്റരികം ഉപാസന പാസ്റ്ററൽ സെന്ററിൽ വച്ച് ജൂൺ 22 ന് എല്ലാ സംഘടനകളുടെയും ഭദ്രാസന നേതാക്കൻമാരുടെ മീറ്റിംഗ് നടത്തപ്പെട്ടു. എം.സി.വൈ.എം നെ പ്രതിനിധീകരിച്ച് ഭദ്രാസന ആനിമേറ്റർ സി.ജൊവാൻ SIC, ഭദ്രാസന വൈസ് പ്രസിഡന്റ് ലിന്റോ തോമസ്, ജനറൽ സെക്രട്ടറി സുബിൻ തോമസ് എന്നിവർ പങ്കെടുത്തു.

**എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനവും, അനുഗ്രഹ സോഷ്യൽ സർവീസ് സൊസൈറ്റിയും ചേർന്ന് ലഹരിവിരുദ്ധ സന്ദേശയാത്ര നടത്തി.**









ലോക ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് യുവജനങ്ങളിൽ വളർന്നുവരുന്ന ലഹരി ആസക്തിക്കെതിരെയും,ലഹരി ഉപയോഗം കൊണ്ട് ഉണ്ടാകുന്ന ദോഷങ്ങളെപറ്റിയും ബോധവൽക്കരണം നടത്തിക്കൊണ്ട് മലങ്കര സുറിയാനി കത്തോലിക്കാ സഭ പത്തനംതിട്ട രൂപതയുടെ കീഴിലുള്ള വിവിധ സ്കൂളുകളിലും, കോളജുകളിലും എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനവും,അനുഗ്രഹ സോഷ്യൽ സർവീസ് സൊസൈറ്റിയും ചേർന്ന് ജൂൺ 26 ന് ലഹരി വിരുദ്ധ സന്ദേശ യാത്ര നടത്തി. തണ്ണിത്തോട് സെന്റ് ബനഡിക്റ്റ് എം.എസ്.സി ഹൈസ്കൂളിൽ നടത്തപ്പെട്ട ഉദ്ഘാടന സമ്മേളനത്തിൽ തണ്ണിത്തോട് സബ്ബ് ഇൻസ്പെക്ടർ സണ്ണി സന്ദേശ റാലി ഉദ്ഘാടനം ചെയ്തു. തുടർന്ന് അടൂർ മാർ. ക്രിസോസ്റ്റം കോളേജ്, ഓമല്ലൂർ ആര്യഭാരതി ഹൈസ്കൂൾ , മൈലപ്ര സേക്രട്ട് ഹാർട്ട് ഹയർ സെക്കണ്ടറി സ്കൂൾ എന്നിവിടങ്ങളിലും സന്ദേശ റാലി എത്തി, മൈലപ്രയിൽ നടന്ന സമാപന സമ്മേളനത്തിൽ പത്തനംതിട്ട ഭദ്രാസന വികാരി ജനറാൾ മോൺ.വർഗ്ഗീസ് മാത്യൂ കാലായിൽ വടക്കേതിൽ സന്ദേശം നൽകി. റാലിയിൽ അനുഗ്രഹ സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടർ റവ.ഫാ .വർഗ്ഗീസ് ചാമക്കാലായിൽ,അസി.ഡയറക്ടർ ഫാ.തോമസ് ചെറുതോട്, എം.സി.വൈ.എം ഭദ്രാസന ഡയറക്ടർ ഫാ. ജോബ് പതാലിൽ, എം.സി.വൈ.എം ഭദ്രാസന അസി.ഡയറക്ടർ ഫാ.സ്കോട്ട് സ്റ്റീബാ പുളിമൂടൻ, എം.സി.വെ.എം ഭദ്രാസന പ്രസിഡന്റ് ബിബിൻ ഏബ്രഹാം,മാർ ക്രിസോസ്റ്റം കോളേജ് ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ ജോൺ കിഴക്കേതിൽ, തണ്ണിത്തോട് സെന്റ് ബനഡിക്റ്റ് സ്കൂൾ ലോക്കൽ മാനേജർ ഫാ. വർഗീസ് തോമസ് ചാമക്കാലയിൽ,എം.സി.വൈ.എം ഭദ്രാസന ജനറൽ സെക്രട്ടറി സുബിൻ തോമസ്,വൈസ് പ്രസിഡന്റ് ലിന്റോ തോമസ്, സെക്രട്ടറി ആൽബിൻ ബെന്നി,കെ.സി.വൈ.എം സെനറ്റ് നിബിൻ പി സാമുവേൽ, കെ.സി.വൈ.എം സിൻഡിക്കേറ്റ് ലിനു വി. ഡേവിഡ്,സോഷ്യൽ സർവീസ് സൊസൈറ്റി കോഡിനേറ്റർ, സി. പവിത്ര SIC, തോംസൺ ജോൺ.വൈദിക ജില്ല പ്രസിഡന്റുമാരായ പ്രിൻസ് റെജി, സാം കോശി, ഷിബിൻ

www.malankaralibrary.com

ഷാജി മറ്റ് ജില്ല ഭാരവാഹികൾ എന്നിവർ സന്നിഹിതരായിരുന്നു.തെരുവു നാടകത്തിന് വി. കോട്ടയം യൂണിറ്റ് നേതൃത്വം നൽകി.

## പദയാത്ര ഒരുക്ക ധ്യാനം

ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ 71-ാം ഓർമ്മപെരുന്നാളിനോടനുബന്ധിച്ച് നടത്തപ്പെടുന്ന 44ാം മത് തീർത്ഥാടന പദയാത്രയ്ക്ക് മുന്നൊരുക്കമായി ജൂൺ 29ാം തീയതി പട്ടം കബർ ചാപ്പലിൽ വച്ച് ഒരുക്ക ധ്യാനവും, ക്രമീകരണങ്ങളുടെ വിലയിരുത്തൽ മീറ്റിംഗും നടത്തപ്പെട്ടു.എം.സി.വൈ.എം ഭദ്രാസന ഭാരവാഹികളും, യുവജന നേതാക്കൻമാരും പങ്കെടുത്തു.





## ഗാനോപഹാരം പുറത്തിറക്കി

ധന്യൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ ഓർമത്തിരുനാളിനോട് അനുബന്ധിച്ചുള്ള 44-ാമത് തീർത്ഥാടന പദയാത്രയുമായി ബന്ധപ്പെട്ട്, എം.സി.വൈ എം പത്തനംതിട്ട ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ പുറത്തിറക്കിയ, ധന്യൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ അനുസ്മരണാ ഗാനം അത്യഭിവന്ദ്യ കർദ്ദിനാൾ മോറോൻ മോർ ബസേലിയോസ് ക്ലിമീസ് കാതോലിക്കാ പ്രകാശനം ചെയ്തു



## ജീവസംരക്ഷണ സന്ദേശ യാത്ര



കെ.സി.ബി.സി പ്രൊ ലൈഫ് സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ നടത്തുന്ന ജീവ സംരക്ഷണ സന്ദേശ യാത്രയ്ക്ക് പത്തനംതിട്ട ഭദ്രാസനത്തിൽ 2024 ജൂലൈ 16 ചൊവ്വാഴ്ച 12 മണിക്ക് ആനന്ദപ്പള്ളി സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ പള്ളിയിൽ വച്ച് സ്വീകരണം നൽകയപ്പോൾ എം.സി.വൈ.എം ഭദ്രാസനത്തെ പ്രതിനിധീകരിച്ച് ജില്ല ഭാരവാഹികൾ പങ്കെടുത്തു.

## നന്ദി.....



2024 വർഷത്തെ ഭദ്രാസന സമിതിയിൽ കഴിഞ്ഞ ആറു മാസക്കാലം എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിന്റെ സെക്രട്ടറിയായി സേവനം അനുഷ്ഠിച്ച് ഉപരി പഠനത്തിനും, ജോലിക്കുമായി വിദേശത്തേക്ക് പോകുന്ന

ആൽബിൻ ബെന്നിക്ക് ഓമല്ലൂർ ആറ്ററികം ഉപാസന പാസ്റ്ററൽ സെന്ററിൽ വച്ച് പത്തനംതിട്ട ഭദ്രാസന വികാരി ജനറൽ മോൺ.വർഗീസ് മാത്യു കാലായിൽ വടക്കേതിൽ മെമെന്റോ നൽകി യുവജന കുടുംബത്തിന് നന്ദി അറിയിച്ചു. ഏറ്റെടുത്ത ഉത്തരവാദിത്വങ്ങൾ ഭംഗിയായി നിർവ്വഹിക്കുകയും, എം.സി.വൈ.എം പ്രസ്ഥാനത്തെ എന്നും ഹൃദയത്തിൽ ചേർത്തുപിടിക്കുകയും, ഒപ്പമായിരുന്ന് നൽകിയ നല്ല നിമിഷങ്ങൾക്കും, സ്നേഹത്തിനും,സൗഹൃദത്തിനും ഹൃദയം നിറഞ്ഞ നന്ദി...




**ഏദൻ 2k24 പരിസ്ഥിതി ദിനാഘോഷ അവാർഡ്**




വ്യത്യസ്തവും നൂതനവുമായ ആശയങ്ങൾ കോർത്തിണക്കി ജൂൺ -5 ലോക പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി യൂണിറ്റ് തലത്തിൽ 22 ഓളം പരിപാടികൾ മികച്ച രീതിയിൽ സംഘടിപ്പിച്ച് ഏദൻ 2k24 പരിസ്ഥിതി ദിനാഘോഷ അവാർഡ് നേടിയ റാന്നി പെരുനാട് വൈദികജില്ലയിലെ തെക്കുംമല യൂണിറ്റിന് അഭിനന്ദനങ്ങൾ... പങ്കെടുത്ത എല്ലാ യൂണിറ്റുകൾക്കും ആശംസകൾ.

**ബഥനി വിശുദ്ധരുടെ തിരുനാൾ മംഗളങ്ങൾ നേർന്നുകൊണ്ട് ആശംസ കാർഡുകൾ അയച്ചു .**




ബഥനി വിശുദ്ധരുടെ തിരുനാൾ മംഗളങ്ങൾ നേർന്നുകൊണ്ട് പത്തനംതിട്ട ഭദ്രാസനത്തിലെ ആശ്രമങ്ങളിലും, മഠങ്ങളിലും സേവനം ചെയ്യുന്ന എല്ലാ പ്രിയപ്പെട്ട വൈദികർക്കും,സിസ്റ്റേഴ്സിനും തിരുനാളിന്റെ മംഗളങ്ങൾ നേർന്ന് ഭദ്രാസന യുവജന കുടുംബത്തിന്റെ ആശംസ അറിയിച്ച് ആശംസ കാർഡുകൾ അയച്ചു.

**ആശംസ കാർഡുകൾ അയച്ചു.**




ഇടവക വൈദികരുടെ മധ്യസ്ഥനായ വി.ജോൺ മരിയ വിയാനിയുടെ തിരുനാളിന്റെ മംഗളങ്ങൾ എല്ലാ പ്രിയപ്പെട്ട വൈദികർക്കും നേർന്നു കൊണ്ട് പത്തനംതിട്ട ഭദ്രാസനത്തിലെ എല്ലാ വൈദികർക്കും എം.സി.വൈ.എം ഭദ്രാസന ഡയറക്ടർ അച്ചന്മാർക്കും പോസ്റ്റ്ആയി

www.malankaralibrary.com

ആശംസ കാർഡുകൾ അയച്ചു. ഭദ്രാസനത്തിന് പുറത്തുള്ള വൈദികർക്ക് വാട്സാപ്പ് മുഖേനേയും ആശംസ നേർന്നു.

**<u>അഭിനന്ദനങ്ങൾ.</u>**




കേരള സർവ്വകലാശാലയിൽ നിന്നും നിന്നും ഫാം ഡിക്ക് രണ്ടാം റാങ്ക് കരസ്ഥമാക്കിയ പന്തളം വൈദിക ജില്ലയിലെ മെഴുവേലി വെസ്റ്റ് യൂണിറ്റ് അംഗം ജിൻസി ജോണിന് ഭദ്രാസന യുവജന കുടുംബത്തിന്റെ അഭിനന്ദനങ്ങൾ...

**<u>എം.സി.വൈ.എം അർദ്ധവാർഷിക സെനറ്റ് സമ്മേളനം നടത്തപ്പെട്ടു.</u>**



എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിന്റെ 2024 പ്രവർത്തന വർഷത്തെ അർദ്ധവാർഷിക സെനറ്റ് സമ്മേളനം ഓഗസ്റ്റ് 10-ാം തീയതി പമ്പുമല സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്ക ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു.പത്തനംതിട്ട ഭദ്രാസനത്തിന്റെ ആനിമേറ്റർ സി.ജൊവാൻ SIC പതാക ഉയർത്തി. സമ്മേളനം കേരള കത്തോലിക്ക യുവജന പ്രസ്ഥാനത്തിന്റെ സംസ്ഥാന അധ്യക്ഷൻ ശ്രീ. ഇമ്മാനുവൽ എം.ജെ ഉദ്ഘാടനം ചെയ്തു.ഭദ്രാസന പ്രസിഡന്റ് ശ്രീ.ബിബിൻ എബ്രഹാം അധ്യക്ഷത വഹിച്ചു. ഭദ്രാസന ഡയറക്ടർ ഫാ. ജോബ് പതാലിൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. സ്കോട്ട് സ്ലീബാ പുളിമൂടൻ, ഫാ.ജിനു കൂടത്തിനാൽ, ഭദ്രാസന ജനറൽ സെക്രട്ടറി സുബിൻ തോമസ്,വൈസ് പ്രസിഡന്റ്മാരായ ജിഷ ജോസ്,ലിന്റോ തോമസ്, ജില്ലാ പ്രസിഡന്റ് സാം കോശി, യൂണിറ്റ് പ്രസിഡന്റ് ജെനറ്റ് ഡാനിയൽ എന്നിവർ സംസാരിച്ചു.5 ജില്ലകളിൽ നിന്നുമായി 65 ഓളം യുവജന നേതാക്കന്മാർ സമ്മേളനത്തിൽ പങ്കെടുത്തു. അർദ്ധവാർഷിക സെനറ്റ് സമ്മേളനത്തിന് ആതിഥേയത്വം വഹിച്ച പന്തളം വൈദിക ജില്ലയ്ക്കും,പമ്പുമല യൂണിറ്റിനും ഹൃദയം നിറഞ്ഞ നന്ദി..



എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിന്റെ അർദ്ധ വാർഷിക സെനറ്റ് സമ്മേളനത്തിൽ എല്ലാ വൈദിക ജില്ലകളും റിപ്പോർട്ട് അവതരിപ്പിക്കുകയും, റിപ്പോർട്ടുകൾ ബുക്ക്ലെറ്റ് രൂപേണേ ഭദ്രാസന സമിതിക്കും മറ്റു വൈദിക ജില്ലകൾക്കു നൽകുകയും ചെയ്തു. വളരെ മനോഹരമായ റിപ്പോർട്ട് തയ്യാ

www.malankaralibrary.com

റാക്കുകയും അവതരിപ്പിക്കുകയും ചെയ്ത എല്ലാ വൈദിക ജില്ലകൾക്കും അഭിനന്ദനങ്ങൾ.

**<u>പ്രവർത്തന വീഥിയിൽ മുന്നോട്ട്...</u>**



എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസന സമിതി അർദ്ധ വാർഷിക സെനറ്റ് സമ്മേളന വേദിയിൽ.

**<u>സ്വാതന്ത്ര്യദിനാഘോഷം നടത്തി.</u>**



എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ കോന്നി മുളന്തറ സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്ക ദൈവാലയത്തിൽ വച്ച് സ്വാതന്ത്ര്യദിനാഘോഷം നടത്തപ്പെട്ടു. യൂണിറ്റ് ഡയറക്ടർ ഫാ. തോമസ് പ്രശാന്ത് ഒ.ഐ.സി പതാക ഉയർത്തി. എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസന പ്രസിഡന്റ് ബിബിൻ എബ്രഹാം,ഭദ്രാസന ജനറൽ സെക്രട്ടറി സുബിൻ തോമസ്,യൂണിറ്റ് പ്രസിഡന്റ് അഭിൻ ആൽബർട്ട് എന്നിവർ ആശംസകൾ അറിയിച്ചു സംസാരിച്ചു. ഭദ്രാസന ഭാരവാഹികളായ വിശാഖ് വി എൽ, ലിന്റോ തോമസ്, ടെനി സജി, അബിൻ പി ബിജു,ലിജോ ഫിലിപ്പ്, അക്സ രാജൻ,യുവജനങ്ങൾ ഇടവകാംഗങ്ങൾ എന്നിവർ സന്നിഹിതരായിരുന്നു. ആതിഥേയത്വം വഹിച്ച മുളന്തറ യൂണിറ്റിന് ഹൃദയം നിറഞ്ഞ നന്ദി.

**<u>കെ.സി.വൈ.എം. അർദ്ധവാർഷിക സെനറ്റ് സമ്മേളനം</u>**




കെ.സി.വൈ.എം 46-ാമത് സംസ്ഥാന അർദ്ധവാർഷിക സെനറ്റ് സമ്മേളനത്തിൽ എം.സി.വൈ.എം പത്തനംതിട്ട രൂപതയുടെ 7 മാസക്കാല (ജനുവരി 2024-ജൂലൈ )പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു.



www.malankaralibrary.com







## <u>സമസ്യ ക്വിസ് 2024 ഗ്രാന്റ് ഫിനാലെ നടത്തപ്പെട്ടു.</u>



എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ സെപ്റ്റംബർ 1-ാം തീയതി പുത്തൻപീടിക,മഡോണ ഇന്റർനാഷണൽ റെസിഡെൻഷ്യൽ സ്കൂളിൽ വച്ച് സമസ്യ ക്വിസ് 2024 ഗ്രാന്റ് ഫിനാലെ നടത്തപ്പെട്ടു. ക്വിസ് മത്സരം എം.സി.വൈ.എം തിരുവനന്തപുരം മേജർ അതിഭദ്രാസന പ്രസിഡന്റ് ശ്രീ. സിജോ ജോസഫ് ഉദ്ഘാടനം ചെയ്തു ഉദ്ഘാടന സമ്മേളനത്തിന് ഭദ്രാസന പ്രസിഡന്റ് ശ്രീ.ബിബിൻ എബ്രഹാം അധ്യക്ഷത വഹിച്ചു.ഭദ്രാസന ഡയറക്ടർ ഫാ.ജോബ് പതാലിൽ ആമുഖ സന്ദേശം നൽകി.ആനിമേറ്റർ സി. ജൊവാൻ SIC പതാക ഉയർത്തി.ജനറൽ സെക്രട്ടറി സുബിൻ തോമസ് സ്വാഗതവും, ഭദ്രാസന വൈസ് പ്രസിഡന്റ് ജിഷ ജോസ് നന്ദിയും അർപ്പിച്ചു.അഞ്ച് വൈദിക ജില്ലകളിൽ നിന്നായി 15 ടീമുകളും, 45 മത്സരാർത്ഥികളും പങ്കെടുത്തു. ശ്രീമതി അപർണ ഐ. ജോയ് ക്വിസ് മത്സരത്തിന് നേതൃത്വം നൽകി. ഒന്നാം സ്ഥാനം ചന്ദനപള്ളി യൂണിറ്റും,രണ്ടാം സ്ഥാനം ഉള്ളന്നൂർ യൂണിറ്റും, മൂന്നാം സ്ഥാനം കൂടൽ യൂണിറ്റും നേടി.

എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട സമസ്യ ക്വിസ് 2024 ഗ്രാന്റ് ഫിനാലെയിൽ പങ്കെടുത്ത എല്ലാ യൂണിറ്റുകൾക്കും, വിജയികളായവർക്കും അഭിനന്ദനങ്ങൾ...

ഒന്നാം സ്ഥാനം -ചന്ദനപ്പള്ളി യൂണിറ്റ്,
പന്തളം വൈദിക ജില്ല

രണ്ടാം സ്ഥാനം - ഉള്ളന്നൂർ യൂണിറ്റ്,
പന്തളം വൈദിക ജില്ല

മൂന്നാം സ്ഥാനം -കൂടൽ യൂണിറ്റ്,
കോന്നി വൈദിക ജില്ല

നാലാം സ്ഥാനം-വി.കോട്ടയം യൂണിറ്റ്,
കോന്നി വൈദിക ജില്ല

അഞ്ചാം സ്ഥാനം -തട്ട യൂണിറ്റ്,
പന്തളം വൈദിക ജില്ല

www.malankaralibrary.com




**എം.സി.വൈ.എം ഭദ്രാസന യുവജന സംഗമത്തിന്റെ ലോഗോ പ്രകാശനം ചെയ്തു.**



എം.സി.വൈ.എം പ്രസ്ഥാനത്തിന്റെ സ്വർഗ്ഗീയ മധ്യസ്ഥനായ വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ തിരുന്നാളിനോട് ചേർന്ന് ഒക്ടോബർ ആറാം തീയതി കോന്നി വൈദിക ജില്ലയുടെ ആതിഥേയത്വത്തിൽ പൂങ്കാവ് സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വച്ച് നടത്തപ്പെടുന്ന "EPIC 2024" ഭദ്രാസന യുവജന സംഗമത്തിന്റെ ലോഗോ പത്തനംതിട്ട ഭദ്രാസനത്തിന്റെ മൈനർ സെമിനാരി റെക്ടറും, പൂങ്കാവ് ഇടവകയുടെ വികാരിയും ആയിരിക്കുന്ന റവ.ഫാ.ഡോ. സിജോ ജെയിംസ് ചരുവുപറമ്പിൽ, ഭദ്രാസന പ്രസിഡന്റ് ബിബിൻ എബ്രഹാമിന് നൽകിക്കൊണ്ട് പ്രകാശനം ചെയ്തു. ഭദ്രാസന ജനറൽ സെക്രട്ടറി സുബിൻ തോമസ്, ട്രഷറർ വിശാഖ് വി. എൽ,സെക്രട്ടറി ടെനി സജി,സഭാതല സിൻഡിക്കേറ്റ് ലിജോ ഫിലിപ്പ്, കെ.സി.വൈ.എം സെനറ്റ് നിബിൻ പി സാമുവൽ,കോന്നി വൈദിക ജില്ലാ പ്രസിഡന്റ് പ്രിൻസ് റെജി, പൂങ്കാവ് യൂണിറ്റ് പ്രസിഡന്റ് ജെറിൻ,വൈദിക ജില്ല, യൂണിറ്റ് ഭാരവാഹികൾ,പൂങ്കാവ്, വലഞ്ചുഴി യൂണിറ്റിലെ യുവജനങ്ങൾ എന്നിവർ സന്നിഹിതരായിരുന്നു.

**'കണ്ണിൽ കനിവും, കരളിൽ കനലും, കാലിൽ ചിറകും ഉള്ള ക്രൈസ്തവ യുവത്വം'** എന്നതാണ് ഭദ്രാസന യുവജന സംഗമത്തിന്റെ തീം.

**അമ്മയോടൊപ്പം**




പരിശുദ്ധ ദൈവമാതാവിന്റെ ജനന തിരുനാളിനോടനുബന്ധിച്ച് എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിലെ സെനറ്റ് അംഗങ്ങൾ ഒരുമിച്ച് ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ സെപ്റ്റംബർ 6-ാം തീയതി 9 മണിക്ക് വിവിധ നിയോഗങ്ങൾ പരിശുദ്ധ അമ്മയുടെ വിമലഹൃദയത്തിൽ സമർപ്പിച്ച് ജപമാല ചൊല്ലി പ്രാർത്ഥിച്ചു. ഭദ്രാസന ഡയറക്ടർ റവ. ഫാ. ജോബ് പതാലിൽ ആമുഖ സന്ദേശം നൽകുകയും, ഭദ്രാസന സമിതിയും,വിവിധ വൈദിക ജില്ലകളും ചേർന്ന് ഒരോ ദിവ്യ രഹസ്യങ്ങൾ ചൊല്ലി ധ്യാനിക്കുകയും നിയോഗങ്ങൾ സമർപ്പിച്ചു പ്രാർത്ഥിക്കുകയും ചെയ്തു.പ്രാർത്ഥനയോടും,

www.malankaralibrary.com

സാന്നിധ്യം കൊണ്ടും ഒപ്പമായിരുന്ന എല്ലാ പ്രിയപ്പെട്ട ഡയറക്ടർ അച്ചൻമാർ, സിസ്റ്റർ ആനി മേറ്റേഴ്സ്, ജില്ലാ ഭാരവാഹികൾ, ഭദ്രാസന ഭാരവാഹികൾ എന്നിവരെ നന്ദിയോടെ ഓർക്കുന്നു.

<u>**SWAG- Saved With Amazing Grace**</u>



കാലഘട്ടത്തിന് അനുസൃതമായി പുതിയ നേതാക്കന്മാരെ വളർത്തിയെടുക്കുവാനും,നേതൃനിരയിൽ ഉള്ളവർക്ക് കൂടുതൽ വളരുവാനും അവസരം ഒരുക്കുന്ന ഭദ്രാസന സമിതിയുടെ ട്രെയിനിങ് പ്രോഗ്രാം SWAG കോന്നി വൈദിക ജില്ലയിലെ യൂണിറ്റ് നേതാക്കന്മാർക്കായി 2024 സെപ്റ്റംബർ 16ന് അട്ടച്ചാക്കൽ സെന്റ് പീറ്റേഴ്സ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു.വിവിധ യൂണിറ്റുകളിൽ നിന്നായി 75 ഓളം യുവജനങ്ങൾ പങ്കെടുത്തു.മുൻ ഭദ്രാസന പ്രസിഡന്റ് ഡോ. ജിഫിൻ സാം വിശിഷ്ടാതിഥിയായി പങ്കെടുത്തു. ഐസ് ബ്രേക്കിംഗ്, എം.സി.വൈ.എം.മും ഭരണഘടനയും, മുൻകാല ഭാരവാഹികളുടെ അനുഭവങ്ങൾ, നിങ്ങൾക്കും പറയാം സംവാദം, പ്രയർ & വർഷിപ്പ് എന്നീ സെഷനുകളും നടത്തപ്പെട്ടു. ക്രമീകരണങ്ങൾക്ക് കോന്നി വൈദിക ജില്ലയും, അട്ടച്ചാക്കൽ യൂണിറ്റും നേതൃത്വം നൽകി.സാന്നിധ്യം കൊണ്ടും സഹകരണം കൊണ്ടും ഒപ്പമായിരുന്ന എല്ലാ പ്രിയപ്പെട്ടവർക്കും നന്ദി.

<u>**പുനരൈക്യ വാർഷികാഘോഷങ്ങളിൽ പങ്കെടുത്ത് യുവജന സഭ**</u>

94ാം മത് പുനരൈക്യ വാർഷികത്തിലും 33-ാം മത് അന്തർദേശീയ യുവജന കൺവൻഷനിലും പത്തനംതിട്ട ഭദ്രാസനത്തിലെ യുവജനങ്ങൾ പങ്കെടുത്തു.









<u>**95-ാം പുനരൈക്യ വാർഷിക ആഘോഷങ്ങൾ പത്തനംതിട്ടയിൽ**</u>

ആഗോള കത്തോലിക്ക സഭയുടെ സ്നേഹത്തണലിന്റെ ഗൃഹാതുരത്വം തുളുമ്പുന്ന, വിശ്വാസ ദീപ്തിയുടെ മണ്ണിലേക്ക് പത്തനംതിട്ടയിലേക്ക് മലങ്കര മക്കൾക്ക് ഹൃദയപൂർവ്വം സ്വാഗതം....

www.malankaralibrary.com

**SWAG - Saved With Amazing Grace**



കാലഘട്ടത്തിന് അനുസൃതമായി പുതിയ നേതാക്കന്മാരെ വളർത്തിയെടുക്കുവാനും, നേതൃനിരയിൽ ഉള്ളവർക്ക് കൂടുതൽ വളരുവാനും അവസരം ഒരുക്കുന്ന ഭദ്രാസന സമിതിയുടെ ട്രെയിനിങ് പ്രോഗ്രാം SWAG റാന്നി പെരുനാട് വൈദിക ജില്ലയിലെ യൂണിറ്റ് നേതാക്കന്മാർക്കായി 2024 സെപ്റ്റംബർ 22ന് മണ്ണാരക്കുളഞ്ഞി സെന്റ് ജോൺ ക്രിസോസ്റ്റം മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു.വിവിധ യൂണിറ്റുകളിൽ നിന്നായി 60 ഓളം യുവജനങ്ങൾ പങ്കെടുത്തു.യുവജനങ്ങൾ തമ്മിലുള്ള സൗഹൃദങ്ങൾ പുതുക്കുവാനായി ഐസ് ബ്രേക്കിംഗ്, സംഘടന സംവിധാനങ്ങളെപ്പറ്റി പറയുന്ന Vision The Mission ഭാരവാഹികളുടെ അനുഭവങ്ങൾ പങ്ക് വയ്ക്കുന്ന Behind The Screen, യുവജനങ്ങളിലെ അഭിപ്രായങ്ങളും, ആശയങ്ങളും പങ്കുവയ്ക്കുന്ന നിങ്ങൾക്കും പറയാം സംവാദം, ക്രിസ്തു സ്നേഹത്തിൽ ചേർത്ത് നിർത്തുന്ന പ്രയർ & വർഷിപ്പ് എന്നീ സെഷനുകളും നടത്തപ്പെട്ടു. ക്രമീകരണങ്ങൾക്ക് റാന്നി പെരുനാട് വൈദിക ജില്ലയും, മണ്ണാരക്കുളഞ്ഞി യൂണിറ്റും നേതൃത്വം നൽകി. സാന്നിധ്യം കൊണ്ടും സഹകരണം കൊണ്ടും ഒപ്പമായിരുന്ന എല്ലാ പ്രിയപ്പെട്ടവർക്കും നന്ദി.

**Kairos - God's appointed time to act**

ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ യൂണിറ്റ് തല പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും,സംഘടനാശക്തി കൂടുതൽ ശക്തമാക്കുന്നതിനും, യുവജനങ്ങളോട് നേരിട്ട് സംവദിക്കുന്നതിനുമായി ജില്ലാ സമിതിയോടൊപ്പം 2024 ഓഗസ്റ്റ് 4ന് പന്തളം വൈദിക ജില്ലയിലെ പമ്പുമല യൂണിറ്റും,സെപ്റ്റംബർ 1 ന് കോന്നി വൈദിക ജില്ലയിലെ പൂങ്കാവ് യൂണിറ്റും, സെപ്റ്റംബർ 15ന് റാന്നി പെരുനാട് വൈദിക ജില്ലയിലെ മണ്ണാരക്കുളഞ്ഞി യൂണിറ്റും സന്ദർശിച്ചു. ഭദ്രാസന,വൈദിക ജില്ല ഭാരവാഹികളും യൂണിറ്റ് സന്ദർശനത്തിൽ പങ്കെടുത്തു.







## HAIL MARY PRAYER CHAIN




എം.സി.വൈ.എം സഭാതല സമിതിയുടെ ആഹ്വാനപ്രകാരം പാറശാല ഭദ്രാസനത്തിൽ വച്ച് നടന്ന 33 മത് അന്തർദേശീയ യുവജന കൺവെൻഷന്റെ വിജയത്തിനായി പത്തനംതിട്ട ഭദ്രാസന സമിതി സെപ്റ്റംബർ 14ാം തീയതി

5023 നന്മ നിറഞ്ഞ മറിയമേ പ്രാർത്ഥന ചൊല്ലി സമർപ്പിച്ചു.പ്രാർത്ഥനയ്ക്ക് ഭദ്രാസന സെനറ്റ് അംഗങ്ങൾ നേതൃത്വം നൽകി

**വിയാനി ഡേ ക്രിക്കറ്റ് ടൂർണമെന്റ്**



ഇടവക വൈദികരുടെ മധ്യസ്ഥനായ വിശുദ്ധ ജോൺ മരിയയുടെ തിരുനാൾ ദിനത്തോടനുബന്ധിച്ച് റാന്നി പെരുന്നാൾ വൈദിക ജില്ലയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട ക്രിക്കറ്റ് ടൂർണമെന്റ് ഭദ്രാസന സമിതിയുടെ യുവജന നേതാക്കന്മാർ അടങ്ങിയ ടീം പങ്കെടുത്തു. വിവിധ വൈദിക ജില്ലാ ഭാരവാഹികളും ഈ ടീമിൽ അംഗങ്ങളായിരുന്നു.

**ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കലേക്കുള്ള പദയാത്ര നടത്തപ്പെട്ടു.**




മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റിന്റെ നേതൃത്വത്തിൽ ധന്യൻ ആർച്ചുബിഷപ്പ് മാർ ഈവനിയോസ് പിതാവിൻറെ 71 -ാം ഓർമ്മ പെരുന്നാളിനോട് അനുബന്ധിച്ച് നടത്തപ്പെടുന്ന 44 -ാമത് തീർത്ഥാടന പദയാത്രയ്ക്ക് റാന്നി - പെരുനാട് കുരിശുമല ദൈവാലയത്തിൽ നിന്ന് നടത്തപെട്ടു.മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവും ആയ അത്യഭിവന്ദ്യ മോറാൻ മോർ കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്ക ബാവയുടെ മുഖ്യ കാർമികത്വത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു, തുടർന്ന് ഔദ്യോഗികമായി പദയാത്ര ഉദ്ഘാടനം നടത്തി.പത്തനംതിട്ട ഭദ്രാസന അധ്യക്ഷൻ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ്, ഡൽഹി- ഗുഡ്ഗാവ് ഭദ്രാസനത്തിന്റെ അധ്യക്ഷൻ തോമസ് മാർ അന്തോണിയോസ്,കൂരിയാ മെത്രാൻ ആന്റണി മാർ സിൽവാനോസ്, തിരുവനന്തപുരം മേജർ അതിഭദ്രാസന സഹായ മെത്രാനും യുവജന കമ്മീഷൻ ചെയർമാനുമായ അഭിവന്ദ്യ മാത്യൂസ് മാർ പോളികാർപ്പസ്, പത്തനംതിട്ട ഭദ്രാസനത്തിന്റെ പ്രഥമ അധ്യക്ഷൻ യൂഹാനോൻ മാർ ക്രിസോസ്റ്റം എന്നീ പിതാക്കന്മാർ സന്നിഹിതരായിരുന്നു തുടർന്ന് കർദിനാൾ പിതാവിൽ നിന്ന് അനുഗ്രഹീതമായ വള്ളിക്കുരിശ് MCYM പത്തനംതിട്ട രൂപതാ പ്രസിഡൻറ് ബിബിൻ എബ്രഹാമും, കാതോലിക്കാ പതാക MCYM സഭാതല പ്രസിഡൻറ് മോനു ജോസഫും, എം.സി.വൈ.എം. പതാക MCYM പത്തനംതിട്ട ഭദ്രാസനത്തിന്റെ ജനറൽ സെക്രട്ടറി സുബിൻ തോമസും ഏറ്റുവാങ്ങി പട്ടം സെന്റ് മേരീസ് ദൈവാലയത്തിൽ സ്ഥിതി ചെയ്യുന്ന മാർ ഈവനിയോസ് പിതാവിൻറെ കബറിങ്കലെക്കുള്ള പദയാത്രയ്ക്ക് തുടക്കം കുറിച്ചു. വന്ദ്യ വർക്കി ആറ്റുപുറത്ത് കോറപ്പിസ്കോപ്പ, തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ വികാരി ജനറൽ പെരിയ ബഹു. മോൺ. തോമസ് കയ്യാലക്കൽ, പത്തനംതിട്ട ഭദ്രാസന വികാരി ജനറൽ പെരിയ ബഹു. മോൺ. വർഗീസ് മാത്യു കാലായിൽ വടക്കേതിൽ, MCYM സഭാതല ഡയറക്ടർ ഫാ. പ്രഭീഷ് ജോർജ്, തിരുവനന്തപുരം മേജർ അതിഭദ്രാസന ഡയറക്ടർ ഫാ.ജോസഫ് തോട്ടത്തിൽ കടയിൽ, അസി. ഡയറക്ടർ ഫാ. അലോഷ്യസ് തെക്കേടത്ത് , പത്തനംതിട്ട ഭദ്രാസന ഡയറക്ടർ ഫാ.ജോബ് പതാലിൽ, അസി. ഡയറക്ടർ ഫാ. സ്കോട്ട് സ്ലീബാ പുളിമൂടൻ, എന്നിവർ സന്നിഹിതരായിരുന്നു.

**നൂഹറോ ദ് മലങ്കര**

ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ 71-ാം ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് നടക്കുന്ന 44-ാം മത് തീർത്ഥാടന പദയാത്രയോട് ചേർന്ന് എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസന സമിതി 'നുഹറോ ദ് മലങ്കര' എന്ന

www.malankaralibrary.com

പേരിൽ പദയാത്ര അനുഭവക്കുറിപ്പുകളും, അനുഭവ സാക്ഷ്യങ്ങളും ഉൾപ്പെടുത്തി മാഗസീന്റെ 7-ാം പതിപ്പ് പുറത്തിറക്കി. 'നുഹറോ ദ് മലങ്കര' യുടെ പ്രകാശനം മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ കർദിനാൾ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ ജൂലൈ 10 ന് റാന്നി പെരുനാട് കുരിശുമല തീർത്ഥാട ദൈവാലയത്തിൽ വച്ച് പ്രകാശനം നിർവഹിച്ചു. നമ്മുടെ പുണ്യ പിതാവിന്റെ മദ്ധ്യസ്ഥം അനേകരിലേക്ക് എത്തിക്കുവാൻ ഈ മാഗസിൻ ഇടയാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് സമർപ്പിക്കുന്നു.



**<u>തൂലിക 2024</u>**




എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിലെ യുവജനങ്ങളുടെ സർഗാത്മക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി തൂലിക 2024 രചന മത്സരങ്ങൾ വിവിധ വൈദിക ജില്ലാ കേന്ദ്രങ്ങളിൽ വെച്ച് നടത്തപ്പെട്ടു. പത്തനംതിട്ട വൈദിക ജില്ലയിൽ സെന്റ്. പാട്രിക് മലങ്കര സുറിയാനി കത്തോലിക്ക ദൈവാലയം, ഇലന്തൂർ, റാന്നി -പെരുനാട് വൈദിക ജില്ലയിൽ മാർ ഈവാനിയോസ് സെൻട്രൽ സ്കൂൾ, വടശ്ശേരിക്കര, പന്തളം വൈദിക ജില്ലയിൽ സെന്റ് തെരേസാസ് മലങ്കര സുറിയാനി കത്തോലിക്ക ദൈവാലയം, മെഴുവേലി വെസ്റ്റ്, കോന്നി വൈദിക ജില്ലയിൽ സെന്റ്.തോമസ് യു.പി സ്കൂൾ വകയാർ, സീതത്തോട് വൈദിക ജില്ലയിൽ സെന്റ്. മേരീസ് മലങ്കര സുറിയാനി കത്തോലിക്ക ദൈവാലയം,സീതത്തോട് എന്നിവിടങ്ങളിൽ വെച്ച് ആണ് മത്സരങ്ങൾ ക്രമീകരിച്ചത്.15 ഇനങ്ങളിലായി നടത്തപ്പെട്ട മത്സരങ്ങളിൽ അഞ്ച് വൈദിക ജില്ലകളിലെ 70 ഓളം യൂണിറ്റുകളിൽ നിന്നായി 400 ഓളം മത്സരാർത്ഥികൾ മത്സരങ്ങളിൽ പങ്കെടുത്തു. രാവിലെ 9 മണി മുതൽ വൈകുന്നേരം 5 വരെ നടത്തപ്പെട്ട മത്സരങ്ങൾക്ക് പത്തനംതിട്ട ഭദ്രാസന സമിതിയും, വൈദിക ജില്ലാ സമിതികളും സംയുക്തമായി നേതൃത്വം നൽകി.

www.malankaralibrary.com



## പന്തളം വൈദിക ജില്ല




മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മപെരുന്നാളിനോട് അനുബന്ധിച്ച് മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ് പന്തളം വൈദികജില്ലയുടെ നേതൃത്വത്തിൽ ഉള്ളന്നൂർ സെന്റ് മേരീസ് മലങ്കര കത്തോലിക്ക പള്ളിയിൽ നിന്നുള്ള തീർത്ഥാടന പദയാത്ര സമൂഹ ബലിയോടെ ആരംഭിച്ചു. റവ. ഫാ ഫിലിപ്പോസ് ചരിവുപുരയിടത്തിൽ മുഖ്യ കാർമികത്വം വഹിച്ചു. ആശിർവദിച്ച വള്ളി കുരിശ് വൈദിക ജില്ലാ പ്രസിഡന്റ് സാം കോശി ഏറ്റുവാങ്ങി. കുളനട, പന്തളം, കുരമ്പാല, പറന്തൽ പള്ളികൾ സന്ദർശിച്ച് അടൂർ തിരുഹൃദയ മലങ്കര സുറിയാനി കത്തോലിക്കാപള്ളിയിൽ എത്തിച്ചേർന്നു. ഫാ. സാം വെങ്ങാട്ടൂർ, ഫാ.സെബാസ്റ്റ്യൻ കിഴക്കേതിൽ, ഫാ. സാമുവേൽ തെക്കേകാവിനാൽ, ഫാ. റോബിൻ മനയ്ക്കലെത്ത് ഫാ. ഫിലിപ്പോസ് ചരിവുപുരയിടത്തിൽ എന്നിവർ പദയാത്രയ്ക്ക് നേതൃത്വം നൽകി.

**<u>അർദ്ധവാർഷിക സെനറ്റ് സമ്മേളനം</u>**




എം.സി.വൈ.എം പന്തളം വൈദിക ജില്ലയുടെ അർദ്ധ വാർഷിക സെനറ്റ് സമ്മേളനം 28.07.2024 ഞായറാഴ്ച ആനന്ദപ്പള്ളി സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ നടത്തപ്പെട്ടു.പന്തളം വൈദിക ജില്ല വികാരി വന്ദ്യ ഡാനിയേൽ കുഴിത്തടത്തിൽ കോറെപ്പിസ്കോപ്പ സെനറ്റ് സമ്മേളനം ഉദ്ഘാടനം ചെയ്തു .സെനറ്റിൽ 12 യൂണിറ്റുകൾ 6 മാസത്തെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. അതിന് ശേഷം വൈദിക ജില്ലയുടെ റിപ്പോർട്ട് അവതരിപ്പിക്കുകയും ജനറ്റ് ഡാനിയേൽ പമ്പുമല പാസാക്കുകയും ലിസ് മരിയ ഉള്ളന്നൂർ പിന്താങ്ങുകയും ചെയ്തു. പ്രസ്തുത സെനറ്റ് സമ്മേളനത്തിൽ വൈദിക ജില്ലയുടെ വൈസ് പ്രസിഡന്റ്,സിൻഡിക്കേറ്റ് പോസ്റ്റിലേക്കുള്ള

www.malankaralibrary.com

തിരഞ്ഞെടുപ്പ് നടത്തുകയും പമ്പുമല യൂണിറ്റിലെ അലീന വിൻസ് ജില്ലാ വൈസ് പ്രസിഡന്റായും, തുമ്പമൺ യൂണിറ്റിലെ എയ്ഞ്ചൽ മരിയ സൈമൺ ഭദ്രാസന സിൻഡിക്കേറ്റായും തിരഞ്ഞെടുക്കപ്പെട്ടു.

---

മാർ യാക്കോബ് ശ്ലീഹയുടെ നാമഹേതുക തിരുന്നാൾ ആഘോഷിച്ച ജില്ലാ ഡയറക്ടർ സാം വെങ്ങാട്ടൂർ അച്ചന്റെയും, വിശുദ്ധ ഇഗ്നേഷ്യസ് ലയോളയെ സ്വർഗ്ഗീയ മധ്യസ്ഥനായി തിരുന്നാൾ ആഘോഷിച്ച ജില്ലാ ആനിമേറ്റർ സിസ്റ്റർ ഷാരോൺ എസ്.ഐ.സി യുടെയും ഒപ്പം ബഥനി സമൂഹത്തിന്റെ സ്വർഗീയ മധ്യസ്ഥരുടെ തിരുന്നാളും (Bethany Saint) ആഘോഷിക്കുകയും പ്രാർത്ഥന മംഗളങ്ങൾ ആശംസിക്കുകയും ചെയ്തു.




---

വിയാനി ദിനത്തോടനുബന്ധിച്ച് കുമ്പഴ ക്ലർജിഹോമിൽ താമസിക്കുന്ന വന്ദ്യ വൈദികരെ പന്തളം വൈദിക ജില്ലാ സമിതി സന്ദർശിച്ച് ആശംസകൾ അറിയിച്ചു.



## Meet&Greet

വിയാനി ദിനത്തോടനുബന്ധിച്ച് ജില്ലാ സമിതി അംഗങ്ങൾ പന്തളം വൈദികജില്ലയിലെ പ്രിയ ബഹുമാനപ്പെട്ട വികാരി അച്ചന്മാരെ സന്ദർശിക്കുകയും വിയാനി ദിനത്തിന്റെ ആശംസകൾ അറിയിക്കുകയും ചെയ്തു.



Elysian നോമ്പുകാല ചാരിറ്റി പ്രവർത്തനങ്ങളിൽ പത്തനംതിട്ട ഭദ്രാസന സമിതിയോടും പന്തളം വൈദിക ജില്ലാ സമിതിയോടും ചേർന്നു പ്രവർത്തിച്ച വൈദിക ജില്ലയിലെ യൂണിറ്റുകൾക്ക് എം സി വൈ എം പന്തളം വൈദികജില്ലയുടെ സ്നേഹാദരവ് നൽകി

www.malankaralibrary.com




## തൂലിക 2024




എം.സി.വൈ.എം പന്തളം വൈദിക ജില്ലയുടെ രചന മത്സരങ്ങൾ ആഗസ്റ്റ് 26നു മെഴുവേലി വെസ്റ്റ് സെന്റ് തെരേസാസ് മലങ്കര സുറിയാനി കത്തോലിക്ക പള്ളിയിൽ വച്ചു നടത്തപ്പെട്ടു. 90ഓളം യുവജനങ്ങൾ പങ്കെടുത്തു.

## ഗ്രാൻഡ് പേരന്റ്സ് ഡേ




ഗ്രാൻഡ് പേരന്റ്സ് ഡേയോടനുബന്ധിച്ച് ജൂലൈ 28 ന് എം.സി.വൈ.എം പന്തളം വൈദിക ജില്ലയിലെ ഭാരവാഹികൾ കടമ്മനിട്ട ബഥനി ശാന്തി സദൻ ഓൾഡേജ് ഹോം സന്ദർശിക്കുകയും അവിടുത്തെ അമ്മമാരോടൊപ്പം കുറച്ചു സമയം ചെലവഴിക്കുകയും ചെയ്തു.

## സമസ്യ 2024



www.malankaralibrary.com

## റാന്നി പെരുനാട് വൈദീകജില്ല

### Flash Mob




എം.സി.വൈ.എം റാന്നി പെരുനാട് വൈദിക ജില്ലയുടെ നേതൃത്വത്തിൽ ലഹരിവിരുദ്ധ ദിനത്തോടനുബന്ധിച്ച് ജൂൺ 24 ന് ഫ്ളാഷ് മോബും,ബോധവത്കരണ ക്ലാസും നടത്തപ്പെട്ടു. സേക്രഡ് ഹാർട്ട് ഹൈസ്കൂൾ മൈലപ്ര, മൗണ്ട് ബഥനി പബ്ലിക് സ്കൂൾ കുമ്പഴ, മൗണ്ട് ബഥനി ഇംഗ്ലീഷ് ഹയർ സെക്കൻഡറി സ്കൂൾ മൈലപ്ര എന്നീ സ്കൂളുകളിലാണ് നടത്തപ്പെട്ടത്. ജില്ലാ പ്രസിഡന്റ് ഷിബിൻ ഷാജി അലക്സ് നേതൃത്വം നൽകിയ കർമ്മപരിപാടിക്ക് ജില്ലാ വികാരി റവ. ഫാ.പോൾ നിലയ്ക്കൽ തെക്കേതിൽ മൈലപ്ര എസ്.എച്ച് ഹൈസ്കൂളിൽവെച്ച് ഉദ്ഘാടനം നിർവഹിക്കുകയും, ഫാ.ജോർജ് വർഗീസ് പുതുപ്പറമ്പിൽ വൈദീക ജില്ലയിലെ യുവജനങ്ങളെ സ്കൂളിലേക്ക് സ്വാഗതം ചെയ്യുകയും തുടർന്ന് ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് ബോധവത്ക്കരണ ക്ലാസ്സ് നടത്തപ്പെടുകയും ചെയ്തു.

### To Read Campaign


പ്രിയപ്പെട്ട പുസ്തക സുഹൃത്തുക്കൾക്ക് വേണ്ടി വായന ദിനത്തോട് അനുബന്ധിച്ച് വൈദീക ജില്ലയുടെ നേതൃത്വത്തിൽ സാമൂഹിക മാധ്യമമായ ഇൻസ്റ്റാഗ്രാം വഴി ഇക്കിഗായ്, ലില്ലി പൂക്കളുടെ ഓർമ്മക്ക് എന്നി പുസ്തകങ്ങൾ നൽകികൊണ്ട് ഒരു ഗിവ് എവേ സംഘടിപ്പിക്കുകയും വിവിധ സ്ഥലങ്ങളിൽ നിന്നുമായി 100-ലധികം മത്സരാർഥികൾ പങ്കെടുക്കുകയും സാങ്കേതിക വിദ്യയായ എ.ഐ -യുടെ സഹായത്താൽ മത്സരത്തിൽ മൈലപ്ര ഇടവകയിലെ അനീറ്റ മേരി പ്രമോദിനെ വിജയിയായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു.പങ്കെടുത്തവർക്കും വിജയിച്ച അനീറ്റയ്ക്കും അഭിനന്ദനങ്ങൾ..




### ഊരിലേക്ക് ഒരു യാത്ര

എം.സി.വൈ.എം റാന്നി-പെരുനാട് വൈദിക ജില്ലയുടെ നേതൃത്വത്തിൽ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഊരിലേക്ക് ഒരു യാത്ര എന്ന മനോഹരമായ കർമ്മപരിപാടി ളാഹ സെന്റ് മേരീസ് മലങ്കര കത്തോലിക്കാ പള്ളിയിൽവെച്ച് നടത്തപ്പെട്ടു. ഊരിലേക്ക് ഒരു യാത്രയുടെ ഭാഗമായി ഊരുകളിലേക്ക് യുവജനങ്ങൾക്ക് ഇറങ്ങിചെന്ന് അവരോടൊപ്പം ആയിരിക്കുവാനും അവരെ സഹായിക്കുവാനും സാധിച്ചു

www.malankaralibrary.com









വിശുദ്ധ തോമാശ്ലീഹായുടെ ഓർമ്മതിരുന്നാളിനോട് അനുബന്ധിച്ച് എം.സി.വൈ.എം റാന്നി പെരുനാട് വൈദീക ജില്ലയുടെ നേതൃത്വത്തിൽ കാർമ്മല സെന്റ് അൽഫോൻസാ പ്രത്യാശ ഭവൻ സന്ദർശിക്കുകയും, ഉച്ചഭക്ഷണം നൽകുകയും ചെയ്തു, സാനിധ്യംകൊണ്ട് നമ്മോടൊപ്പമായിരുന്ന ഭദ്രാസന ഭാരവാഹികളെ നന്ദിയോടെ ഓർക്കുന്നു.


## അർദ്ധവാർഷിക സെനറ്റ്

കഴിഞ്ഞ ആറ് മാസക്കാലത്തെ യൂണിറ്റിന്റെയും ജില്ലയുടെയും പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് വേണ്ടിയുള്ള ജില്ലാ അർദ്ധ വാർഷിക സെനറ്റ് തെക്കുംമല സെന്റ് തോമസ് മലങ്കര സുറിയാനി കത്തോലിക്ക പള്ളിയിൽവെച്ച് 2024 ജൂലൈ 28 ന് ഉച്ചയ്ക്ക് 1:30 മുതൽ നടത്തപ്പെട്ടു.സിസ്റ്റർ ആനിമേറ്റർ സിസ്റ്റർ അലോഷ്യസ് എസ്.ഐ.സി എം.സി വൈ.എം പതാക ഉയർത്തി സെനറ്റിന് തുടക്കം കുറിച്ചു.തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ ജില്ലാ പ്രസിഡന്റ് ഷിബിൻ ഷാജി അലക്സ് അധ്യക്ഷപദം അലങ്കരിക്കുകയും, ജില്ലാ ഡയറക്ടർ ഫാ.സ്കോട്ട് സ്ലീബ പുളിമൂടൻ ആമുഖ സന്ദേശം ആമുഖ സന്ദേശം നൽകുകയും സമ്മേളനം ഭദ്രാസന ഡയറക്ടർ ഫാ. സ്കറിയ പതാലിൽ ഉദ്ഘാടനം നിർവഹിക്കുകയും,ജില്ലാ വികാരി വെരി.റവ.ഫാ.പോൾ നിലയ്ക്കൽ തെക്കേതിൽ മുഖ്യ പ്രഭാഷണം നൽകുകയും, തുടർന്ന് ബഥനി സിസ്റ്റേഴ്സിന് മധുരം നൽകി ബഥനി വിശുദ്ധരുടെ തിരുന്നാൾ ആഘോഷിക്കുകയും ചെയ്തു.ശേഷം 13 യൂണിറ്റുകൾ റിപ്പോർട്ട് അവതരിപ്പിക്കുകയും അവ സെനറ്റ് വിലയിരുത്തുകയും ചെയ്തു ,ജില്ലയുടെ റിപ്പോർട്ട് ജില്ലാ സെക്രട്ടറി അജയ് മാത്യു അവതരിപ്പിക്കുകയും സിറിൽ സി തോമസ്, തരുൺ ജോൺസൻ എന്നിവർ യഥാക്രമം പാസ്സാക്കുകയും പിൻതാങ്ങുകയും ചെയ്തു. തുടർന്ന് റിപ്പോർട്ടിന്മേലുള്ള ചർച്ച നടത്തി

തിരഞ്ഞെടുപ്പിന്റെ ക്രമീകരണങ്ങൾ വരണാധികാരിയായ ഡയറക്ടർ ഫാ. സ്കോട്ട് സ്ലീബ പുളിമൂടൻ അറിയിക്കുകയും തിരഞ്ഞെടുപ്പ് നടത്തുകയും ചെയ്തു.ജില്ലയുടെ വൈസ് പ്രസിഡന്റ് ജോയൽ തോമസ് , ജോയിന്റ് സെക്രട്ടറി തോമസ് ജോസഫ്, ഭദ്രാസന സിൻഡിക്കേറ്റ് അംഗം ടോബിൻ ടോമി ജോർജ് എന്നിവരെ സെനറ്റ് തിരഞ്ഞെടുത്തു. ശേഷം ഫാ. ഡേവിഡ് പേഴുംമൂട്ടിൽ സമാപന ആശിർവാദം നൽകി യോഗം അവസാനിപ്പിച്ചു.








## Bethany feast

എം.സി.വൈ.എം റാന്നി പെരുനാട് വൈദീക ജില്ലയുടെ നേതൃത്വത്തിൽ സെനറ്റ് സമ്മേളനത്തിന്റെ വേദിയിൽവെച്ച് ബഥനി വിശുദ്ധരുടെ തിരുന്നാൾ ആഘോഷിക്കുകയും, ബഥനി സന്ന്യാസ സമൂഹത്തെ പ്രതിനിധീകരിച്ചു പ്രസ്തുത പരിപാടിയിൽ സാന്നിധ്യമായിരുന്ന സിസ്റ്റർ ആനിമേറ്റർ സിസ്റ്റർ അലോഷ്യസ് എസ്.ഐ.സി, സിസ്റ്റർ ദർശന എസ്.ഐ.സി, സിസ്റ്റർ സിദ്ധി എസ്.ഐ.സി എന്നിവർ ചേർന്ന് കേക്ക് മുറിക്കുകയും ചെയ്തു. ജില്ലാ വികാരി ബഹു. ഫാ. പോൾ നിലയ്ക്കൽ തെക്കേതിൽ സിസ്റ്റേഴ്സിന് ആശംസകൾ അറിയിച്ചുകൊണ്ട് സംസാരിച്ചു






## VPL- 2K24 Vianney Premier League



വിശുദ്ധ ജോൺ മരിയ വിയാനി ദിനത്തോട് അനുബന്ധിച്ച് റാന്നി പെരുനാട് വൈദീക ജില്ലയുടെ നേതൃത്വത്തിൽ ഓഗസ്റ്റ് 3 ന് പത്തനംതിട്ട ഭദ്രസനത്തിലെ വൈദീകരും, പത്തനംതിട്ട ഭദ്രാസനത്തിലെ യുവജന നേതാക്കന്മാരും, ജില്ലയിൽനിന്നുള്ള യുവജനങ്ങളും തമ്മിലുള്ള സൗഹൃദ ക്രിക്കറ്റ് ടൂർണമെന്റ് പത്തനംതിട്ട Riverine Field Turf-ൽ വെച്ച് നടത്തപ്പെട്ടു. ഫാ.സ്കോട്ട് സ്ലീബ പുളിമൂടൻ മത്സരിക്കാനായി വന്നവരെ സ്വാഗതം ചെയ്യുകയും, ഫാ. സിജോ ജെയിംസ് വിയാനി പ്രീമിയർ ലീഗ് ഉദ്ഘാടനം ചെയ്യുകയും വിവിധ ടീമുകൾ ഏറ്റുമുട്ടുകയും ചെയ്തു. പ്രസ്തുത ടൂർണമെന്റിൽ റാന്നി പെരുന്നാട് വൈദീക ജില്ലയുടെ ഡിസ്ട്രിക്ട് ഇലവനും രൂപത വൈദീകരുടെ ടീമായ സാന്തോം സ്ട്രൈക്കേഴ്സും ഫൈനലിൽ പ്രവേശിക്കുകയും ഡിസ്ട്രിക്ട് ഇലവൻ വിജയിക്കുകയും തുടർന്ന് ജില്ലാ വികാരി ഫാ.പോൾ നിലയ്ക്കൽ തെക്കേതിൽ, ഭദ്രാസന ഡയറക്ടർ ഫാ. സ്കറിയ പതാലിൽ എന്നിവർ ചേർന്ന് ഡിസ്ട്രിക്ട് ഇലവനിന്റെ ക്യാപ്റ്റൻ അലനും ടീം അംഗങ്ങൾക്കും ട്രോഫി നൽകി അനുമോദിച്ചു. ശേഷം ജില്ലാ പ്രസിഡന്റ് ഷിബിൻ ഷാജി അലക്സ് ഏവർക്കും നന്ദി അറിയിച്ചു സംസാരിച്ചു

www.malankaralibrary.com





വിദ്യാർഥികളിൽ പൗരബോധം, സമത്വ ബോധം, മതേതര വീക്ഷണം, നിരീക്ഷണ പാടവം, നേതൃശേഷി,സാമൂഹിക മനോഭാവം തുടങ്ങിയ മൂല്യങ്ങളും,സാമൂഹിക പ്രതിബദ്ധതയും സേവനസന്നദ്ധതയും സഹജീവി സ്നേഹവും വളർത്തികൊണ്ട് സാമൂഹിക തിന്മകളായ തീവ്രവാദം, വിഘടന വാദം, വർഗീയത, ജാതീയത,ലഹരിഭ്രമം തുടങ്ങിയവക്കെതിരെ പ്രതികരിക്കാനും പ്രവർത്തിക്കാനും വിദ്യാർഥികളെ സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന മൈലപ്ര എസ്.എച്ച് സ്കൂളിലെ എസ്.പി.സി കേഡറ്റ്സിനെ എസ്.പി.സി ദിനത്തോടനുബന്ധിച്ച് എം.സി.വൈ.എം റാന്നി പെരുനാട് വൈദീക ജില്ലയുടെ നേതൃത്വത്തിൽ ഓഗസ്റ്റ് 8 ന് മൈലപ്ര തിരുഹൃദയ മലങ്കര സുറിയാനി കത്തോലിക്ക പള്ളിയിൽവെച്ച് ആദരിച്ചു.

## ദിവ്യ കാരുണ്യ ആരാധന

ശക്തമായ ഉരുൾപൊട്ടലിൽ കനത്ത നാശനഷ്ടമുണ്ടായ വയനാട് ചൂരൽമല, മുണ്ടുകൈ പ്രദേശത്തിന് വേണ്ടി എം.സി.വൈ.എം റാന്നി പെരുനാട് വൈദീക ജില്ലയുടെ നേതൃത്വത്തിൽ 2024 ഓഗസ്റ്റ് 2 വൈകിട്ട് 6 മണി മുതൽ 7 മണി വരെ മൈലപ്ര തിരുഹൃദയ കത്തോലിക്ക പള്ളിയിൽവെച്ച് ഫാ. സ്കോട്ട് സ്ലീബ പുളിമൂടന്റെ നേതൃത്വത്തിൽ ദിവ്യ കാരുണ്യ ആരാധന നടത്തപ്പെട്ടു



## തൂലിക 2024



എം.സി.വൈ.എം റാന്നി പെരുനാട് വൈദീക ജില്ലയുടെ നേതൃത്വത്തിൽ യുവജനങ്ങളുടെ സർഗ്ഗവാസനകൾ വളർത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി 2024 ആഗസ്റ്റ് 26 തിങ്കളാഴ്ച രാവിലെ 09.00 മണി മുതൽ വടശ്ശേരിക്കര മാർ ഈവാനിയോസ് സ്കൂളിൽ വച്ച് ഭദ്രാസന ട്രഷറർ വിശാഖ് വി.എൽ-ന്റെ നിയന്ത്രണത്തിൽ തൂലിക രചനാമത്സരങ്ങൾ നടത്തപ്പെട്ടു. മത്സരങ്ങളിൽ 13 യൂണിറ്റുകളിൽ നിന്നായി വിവിധ യുവജനങ്ങൾ പങ്കെടുത്തു.

## സമസ്യ2024

എം.സി.വൈ.എം റാന്നി പെരുനാട് വൈദീക ജില്ലാ പത്തനംതിട്ട ഭദ്രാസനത്തിനോട് ചേർന്ന് വടശ്ശേരിക്കര മാർ ഈവാനിയോസ് സെൻട്രൽ സ്കൂളിൽവെച്ച് നടത്തപ്പെട്ട ജില്ലാതല സമസ്യ ക്വിസ് മത്സരത്തിൽ മൈലപ്ര യൂണിറ്റ് ഒന്നാം സ്ഥാനവും,കുമ്പഴ യൂണിറ്റ്

www.malankaralibrary.com


രണ്ടാം സ്ഥാനവും,വടശ്ശേരിക്കര യൂണിറ്റ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

എല്ലാ ടീമുകളും മികച്ച പ്രകടനം കാഴ്ചവെച്ച മത്സരത്തെ ആവേശത്തോടെ നെഞ്ചിലേറ്റിയ മത്സരാർത്ഥികളെ അഭിമാനത്തോടും സന്തോഷത്തോടെയും കാണുന്നു. മത്സരത്തിൽ പങ്കെടുത്തവർക്കും, വിജയികളായവർക്കും അഭിനന്ദനങ്ങൾ




**WORD 2K24 യുവജന സംഗമവും പള്ളി പുനരുദ്ധാരണവും**

**Word 2K24** യുവജന സംഗമത്തോട് അനുബന്ധിച്ച് നമ്മുടെ വൈദീക ജില്ലയിലെ ഒരു പള്ളിയുടെ പുനരുദ്ധാരണത്തെപറ്റി വൈദീക ജില്ലാ വികാരി ഫാ.പോൾ നിലയ്ക്കൽ തെക്കേതിൽ വൈദിക ജില്ലയോട് നിർദ്ദേശിക്കുകയും എം.സി.വൈ.എം റാന്നി പെരുനാട് വൈദീക ജില്ലയിലെ യുവജനങ്ങൾ അത് ഏറെ സന്തോഷത്തോടെ സ്വീകരിക്കുകയും ഇടവക ജനങ്ങൾക്ക് വേണ്ടി പള്ളി പുനരുദ്ധാരണം ചെയ്യാമെന്ന് ഉറപ്പു നൽകുകയും ചെയ്തു.ഇടവകജനങ്ങൾക്ക് വിശുദ്ധ കുർബാനയ്ക്കും, ആരാധനയ്ക്കും മറ്റും ഒരുമിച്ച് ചേരാൻ സാധിക്കാത്ത വിധം പള്ളിയുടെ മേൽക്കൂരയ്ക്കും മറ്റു ഘടകങ്ങൾക്കും കേടുപാടുകൾ സംഭവിച്ചിരിക്കുന്നു. ഈ അത്യാവശ്യ ഘട്ടത്തിൽ, പള്ളിയുടെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ കൃത്യതയോടെ ആരംഭിക്കുന്നതിനു വേണ്ടി 10 രൂപ ചലഞ്ച് എന്ന ആശയം ജില്ല മുൻപോട്ട് വെയ്ക്കുകയും 2024 സെപ്റ്റംബർ 9 തിങ്കളാഴ്ച വൈകിട്ട് 5 മണിക്ക് മൈലപ്ര തിരുഹൃദയ മലങ്കര സുറിയാനി കാത്തോലിക്ക പള്ളിയിൽവെച്ച് ജില്ലാ വികാരി പോൾ നിലയ്ക്കൽ തെക്കേതിൽ 10 രൂപ ചലഞ്ചിന്റെ ഔദ്യോഗിക ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു , ജില്ലാ ഡയറക്ടർ ഫാ. സ്കോട്ട് സ്ലീബ പുളിമൂടൻ,ജില്ലാ പ്രസിഡന്റ് ഷിബിൻ ഷാജി എന്നിവർ സംസാരിച്ചു.



www.malankaralibrary.com

**ഫേസ് 2 ഫേസ്**




എം.സി.വൈ.എം റാന്നി പെരുനാട് വൈദീക ജില്ലയുടെ നേതൃത്വത്തിൽ യൂണിറ്റ്തല പ്രവർത്തനങ്ങൾ വിലയിരുത്തുവാനും സംഘടനാശക്തി കൂടുതൽ ശക്തിപ്പെടുത്തുവാനും യുവജനങ്ങളോട് നേരിട്ട് സംവദിക്കാനുമായി ജില്ലയിലെ തെക്കുംമല, മണ്ണാരകുളഞ്ഞി യൂണിറ്റുകൾ സന്ദർശിച്ചു

## പത്തനംതിട്ട വൈദീകജില്ല

### BEADS OF DEVOTION
**ഓൺലൈൻ ജപമാല**

എം.സി.വൈ.എം. പത്തനംതിട്ട വൈദിക ജില്ലയുടെ ആഭിമുഖ്യത്തിൽ മാതാവിന്റെ സ്വർഗാരോപണ തിരുനാളിനോട് അനുബന്ധിച്ച്, വയനാട്ടിൽ ദുരിതം അനുഭവിക്കുന്ന ജനതയ്ക്ക് വേണ്ടി ആഗസ്റ്റ് 14-ാം തീയതി ബുധനാഴ്ച്ച വൈകിട്ട് 6.30 മുതൽ ഓൺലൈൻ ആയി അഖണ്ഡ ജപമാല നടത്തപ്പെട്ടു. 20 യൂണിറ്റുകളിൽ നിന്നായി 120 ഓളം യുവജനങ്ങൾ പങ്കെടുത്തു. ജില്ലയുടെ സിസ്റ്റർ ആനിമേറ്റർ സി. നോബിൾ എസ്.ഐ.സി പ്രാർത്ഥനയ്ക്ക് ആരംഭം കുറിക്കുകയും ഓരോ യൂണിറ്റിനും നിർദ്ദേശിച്ചിരുന്ന സമയക്രമം അനുസരിച്ച് യൂണിറ്റുകൾ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകുകയും ചെയ്തു. എം.സി.വൈ എം പത്തനംതിട്ട ഭദ്രാസനത്തിന്റെ ഡയറക്ടർ ഫാ. ജോബ് പതാലിൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. സ്കോട്ട് സ്ലീബാ പുളിമൂടൻ, സിസ്റ്റർ ആനിമേറ്റർ സി. ജൊവാൻ എസ് ഐ സി, ഭദ്രാസന ഭാരവാഹികൾ, ജില്ലാ ഭാരവാഹികൾ എന്നിവർ സംബന്ധിച്ചു.




**IGNIS 2K24 യുവ അധ്യാപകർക്ക് ആദരം**



www.malankaralibrary.com

ദേശീയ അധ്യാപക ദിനത്തോടനുബന്ധിച്ച് എം സി.വൈ.എം പത്തനംതിട്ട വൈദിക ജില്ലയുടെ ആഭിമുഖ്യത്തിൽ യുവ അധ്യാപകരെ ആദരിച്ചു. വൈദിക ജില്ലയിൽ നിന്ന് ക്രമീകരിച്ച മെമെന്റോകൾ സെപ്റ്റംബർ 1 മുതൽ 5 വരെയുള്ള ദിവസങ്ങളിലായി യൂണിറ്റ് ഭാരവാഹികൾ ഓരോ ഇടവകയിലെയും യുവ അധ്യാപകർക്ക് നൽകുകയും ആശംസകൾ അറിയിക്കുകയും ചെയ്തു. പത്തനംതിട്ട വൈദിക ജില്ലയിലെ ഇടവകകളിലുള്ള 25 യുവ അധ്യാപകർക്കാണ് ആദരം നൽകിയത്.

### THEOTOKOS - The Divine Encounters

**വിഡിയോ അവതരണം**

പരിശുദ്ധ ദൈവമാതാവിന്റെ ജനന തിരുനാളിനോട് അനുബന്ധിച്ച് സെപ്റ്റംബർ 1 മുതൽ 8 വരെ ദിവസങ്ങളിൽ ഓൺലൈനായി വീഡിയോ അവതരണം നടത്തി. പരിശുദ്ധ ദൈവമാതാവിന്റെ വിവിധ സ്ഥലങ്ങളിലുള്ള പ്രത്യക്ഷീകരണങ്ങളുടെ വിശദാംശങ്ങൾ നൽകുന്ന വീഡിയോകൾ ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെ പങ്കുവെച്ചു.




## കോന്നി വൈദീകജില്ല



ഇടവക വൈദികരുടെ മധ്യസ്ഥനായ ജോൺ മരിയ വിയാനിയുടെ തിരുനാളിനോട് അനുബന്ധിച്ച് എം.സി.വൈ.എം കോന്നി വൈദിക ജില്ലയുടെ ഡയറക്ടർ റവ. ഫാ.മാത്യു പേഴുംമൂട്ടിലും, സിൻഡിക്കേറ്റ് മീറ്റിംഗ് നടത്തപ്പെട്ട പേഴുംകൽ യൂണിറ്റിന്റെ ഡയറക്ടർ റവ. ഫാ. ജോർജ് മാത്യുവും ചേർന്ന് കേക്ക് മുറിച്ച് മധുരം പങ്കിട്ടു.

**ശ്ലീഹോ**

ശ്ലീഹന്മാരുടെ തിരുനാളിനെ തുടർന്ന് എംസി.വൈ.എം കോന്നി വൈദിക ജില്ലയുടെ നേതൃത്വത്തിൽ സമൂഹ മാധ്യമങ്ങൾ വഴി 13 ശ്ലീഹന്മാരുടെയും ജീവിതം പോസ്റ്റർ രൂപേണയും അതോടൊപ്പം അടിക്കുറിപ്പ് മുഖേനയും, ഏവരിലേക്കും എത്തിക്കുകയും ചെയ്തു.

### INSPIRE QUIZ

ശ്ലീഹാ നോമ്പിനോട് അനുബന്ധിച്ച് സമൂഹമാധ്യമങ്ങളിൽ ഷെയർ ചെയ്ത പോസ്റ്റർ, അടിക്കുറിപ്പ് എന്നിവയെ ആസ്പദമാക്കി ഓൺലൈനായി INSPIRE ക്വിസ് മത്സരം

www.malankaralibrary.com

നടത്തപെടുകയും, വിവിധ ഇടങ്ങളിൽ നിന്നായി 40തിൽ പരം യുവജനങ്ങൾ മത്സരത്തിൽ പങ്കെടുക്കുകയുണ്ടായി. മത്സരത്തിൽ രേഷ്മ മാത്യു ഉള്ളന്നൂർ ഇടവക, റിയ ആൻ രാജൻ ചന്ദനപ്പള്ളി ഇടവക, ടെസ്സി ആന്റണി ചന്ദനപ്പള്ളി ഇടവക എന്നിവർ യഥാക്രമം ഒന്ന് ,രണ്ട് ,മൂന്ന് എന്നീ സ്ഥാനങ്ങൾ കരസ്ഥമാക്കുകയും ചെയ്തു. പങ്കെടുത്ത ഏവരെയും ഈ സമയം നന്ദിയോടെ ഓർക്കുന്നു.

**അർദ്ധ വാർഷിക സമ്മേളനം**



എം സി വൈ എം കോന്നി വൈദിക ജില്ലയുടെ അർദ്ധ വാർഷിക സെനറ്റ് സമ്മേളനം, വലഞ്ചുഴി ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു. 20 യൂണിറ്റുകളിൽ നിന്ന് യൂണിറ്റ് തല റിപ്പോർട്ടും, ശേഷം ജില്ലാ സമിതിയുടെ 6 മാസ കാലയളവിലെ പ്രവർത്തന റിപ്പോർട്ടും അവതരിപ്പിച്ചു.

**പദയാത്ര ഒരുക്ക ധ്യാനം**

വലഞ്ചുഴി ദേവാലയത്തിൽ വച്ച് നടത്തപ്പെട്ട അർദ്ധ വാർഷിക സെനറ്റ് സമ്മേളനത്തോട് ഒപ്പം ,മാർ ഇവാനിയോസ് പിതാവിന്റെ കബറിങ്കലേക്കുള്ള പദയാത്രയ്ക്ക് മുന്നോടിയായി റവ. ഫാ ജെയ്സൺ കുര്യൻ OIC ജില്ലയിലെ യുവജനങ്ങൾക്കായി നടത്തപ്പെട്ട പദയാത്ര ഒരുക്ക ധ്യാനത്തിന് നേതൃത്വം നൽകി.



**ലഹരി വിരുദ്ധ ദിനം**




എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട ലഹരി വിരുദ്ധ സന്ദേശ യാത്രയിൽ ,കോന്നി വൈദിക ജില്ലയിലെ വി.കോട്ടയം യൂണിറ്റ് സ്കൂളുകളിലെ കുട്ടികൾക്കായി തെരുവ് നാടകത്തിലൂടെ ബോധവൽക്കരണം നടത്തി

**Help Desk**

പ്രകൃതിക്ഷോഭത്താൽ വലയുന്ന ആളുകൾക്കായി എം സി വൈ എം കോന്നി വൈദിക ജില്ലയുടെ നേതൃത്വത്തിൽ ഒരു ടാസ്ക് ഫോഴ്സ് രൂപീകരിക്കുകയും ശേഷം പൊതുജനങ്ങൾക്ക് ബന്ധപ്പെടുവാൻ ആയി ഹെൽപ് ഡെസ്ക് നമ്പർ ഷെയർ ചെയുകയും ചെയ്തു.

**പദയാത്ര**

എം സി വൈ എം കോന്നി വൈദിക ജില്ലയുടെ നേതൃത്വത്തിൽ ജില്ലയിലെ എല്ലാ ആളു കളെയും ഉൾപ്പെടുത്തി മുറിഞ്ഞകൽ ദൈവാലയത്തിൽ നിന്നും ആരംഭിച്ച് പട്ടം കബറിങ്കൽ എത്തിച്ചേരുന്ന പുണ്യ പദയാത്ര നടത്തപ്പെട്ടു.



www.malankaralibrary.com

## സിൻഡിക്കേറ്റ് മീറ്റിംഗ്





എം.സി.വൈ.എം കോന്നി വൈദിക ജില്ല യുടെ നേതൃത്വത്തിൽ ജില്ലയുടെ മുമ്പോട്ടുള്ള പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുവാൻ പേഴുങ്കൽ ദൈവാലയത്തിൽ വച്ച് യൂണിറ്റുക ളുടെ പ്രസിഡന്റ്, സെക്രട്ടറി, രണ്ട് സിൻഡിക്കേറ്റ് മെമ്പേഴ്സ് എന്നിവരെ ചേർത്ത് സിൻഡിക്കേറ്റ് മീറ്റിംഗ് നടത്തപ്പെട്ടു.

## 5 s Football Tournament



എം സി വൈ എം കോന്നി വൈദിക ജില്ലയുടെ നേതൃത്വത്തിൽ ജില്ലയിലെ യുവ ജനങ്ങൾക്കായി ഫുട്ബോൾ ടൂർണ്ണമെന്റ് ന ടത്തപ്പെട്ടു . ടൂർണമെന്റിൽ വീ കോട്ടയം യൂണിറ്റ് ഒന്നാം സ്ഥാനവും നെടുമൺകാവ് യൂണിറ്റ് രണ്ടാം സ്ഥനവും കരസ്ഥമാക്കി.

## ധീര ജവാന്മാർക്ക് ആദരവ്

എം.സി.വൈ.എം കോന്നി വൈദിക ജില്ലയുടെ നേതൃത്വത്തിൽ ജില്ലയിൽനിന്ന് കേന്ദ്ര സേനയിൽ പ്രവർത്തിക്കുന്ന ധീരരെ സോഷ്യൽ മീഡിയ വഴി ആദരിച്ചു.




## തൂലിക

എം.സി.വൈ.എം കോന്നി വൈദിക ജില്ലയുടെ നേതൃത്വത്തിൽ ആഗസ്റ്റ് 26ന് വക യാർ സെന്റ് തോമസ് സ്കൂളിൽ വെച്ച് ജില്ലയിലെ യുവജനങ്ങൾക്കായി രചനാ മത്സരങ്ങൾ ന ടത്തപ്പെട്ടു. മത്സരത്തിൽ 19 യൂണിറ്റുകളിൽ നിന്ന് യുവജനങ്ങൾ പങ്കെടുത്തു.





www.malankaralibrary.com

## സമസ്യ ക്വിസ്




തൂലിക രചനാ മത്സര വേദിയിൽവെച്ച് സമസ്യ ക്വിസ് മത്സരം നടത്തപ്പെട്ടു. മത്സരത്തിൽ കൂടൽ, വീ. കോട്ടയം, വകയാർ എന്നി യൂണിറ്റുകൾ യഥാക്രമം 1,2,3 സ്ഥാനങ്ങൾ കരസ്ഥമാക്കി. രൂപത തല മത്സരത്തിൽ കൂടൽ യൂണിറ്റ് ജില്ലക്കുവേണ്ടി 3 സ്ഥാനവും കരസ്ഥമാക്കി.

**ഓണാഘോഷം**

എം സി വൈ എം കോന്നി വൈദിക ജില്ല ഭാരവാഹികളുടെ നേതൃത്വത്തിൽ ളാക്കൂർ യൂണിറ്റിനോട് ഒപ്പം ചേർന്ന് തിരുവോണനാൾ ളാക്കൂർ കാരുണ്യ ഭവനിൽ ആഘോഷിച്ചു. അഭിവന്ദ്യ. സാമുവൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത സാന്നിദ്ധ്യം കൊണ്ട് ആഘോഷങ്ങൾക്ക് മോടി കൂട്ടി.



## SWAG



യുവ തലമുറയിൽ നിന്ന് പുത്തൻ നേതാക്കന്മാരെ വളർത്തിയെടുക്കുവാനും, അവരെ സഭയോട് കൂടുതൽ അടുത്ത് നിർത്തുവാനുമായി 16/9/2024 തിങ്കൾ ഉച്ചക്ക്ശേഷം അട്ടച്ചാക്കൽ ദൈവാലയത്തിൽ വെച്ച്, എം.സി. വൈ.എം പത്തനംതിട്ട ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ, കോന്നി വൈദിക ജില്ലയിലെ യുവജനങ്ങൾക്കായി SWAG നടത്തപ്പെട്ടു.

**സ്വാഗതം**

എം സി വൈ എം കോന്നി വൈദിക ജില്ലയുടെ ഭാരവാഹിത്വത്തിലേക്ക് കടന്നുവന്ന ഹെൻട്രി ജിയോ റെജി , സിസ്റ്റർ ആനിമേറ്ററായി കടന്നുവന്ന സിസ്റ്റർ ആനിസെറ്റ് SIC എന്നിവർക്ക് സ്വാഗതം.

**നന്ദി**

എം സി വൈ എം കോന്നി വൈദിക ജില്ലയുടെ സിസ്റ്റർ ആനിമേറ്റർ ആയിരുന്ന സിസ്റ്റർ ശാന്തി SIC, ജില്ല ട്രഷറർ ആയിരുന്ന പ്രിൻസി പൊന്നച്ചൻ എന്നിവർക്ക് നന്ദി..

www.malankaralibrary.com

## സ്വാതന്ത്ര്യ ദിനാഘോഷവും ദൈവമാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളും



എം.സി.വൈ.എം കോന്നി വൈദിക ജില്ല ഭാരവാഹികളുടെ നേതൃത്വത്തിൽ ജില്ല ആസ്ഥാനമായ വകയാർ ദൈവാലയത്തിൽ വച്ച് ദൈവമാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളും സ്വാതന്ത്ര്യദിനാഘോഷവും നടത്തപ്പെട്ടു.




എം.സി.വൈ.എം കോന്നി വൈദിക ജില്ല ഡയറക്ടർ റവ. ഫാ മാത്യു പേഴുംമൂട്ടിലിന്റെ ജന്മദിനം ജില്ലയിലെ യുവജനങ്ങൾ ചേർന്ന് കേക്ക് മുറിച്ച് ആഘോഷിച്ചു.

## CAS യൂണിറ്റ് വിസിറ്റ്



എം.സി.വൈ.എം പ്രസ്ഥാനത്തിന്റെ സംഘടനാ സംവിധാനത്തിന്റെ ശക്തിയെ എപ്പോഴും തുറന്നുകാട്ടുന്നത് അതിന്റെ യൂണിറ്റ് തലമാണ്. ആ യാഥാർത്ഥ്യം മനസ്സിലാക്കിക്കൊണ്ട് എം.സി.വൈ.എം കോന്നി വൈദിക ജില്ലയുടെ നേതൃത്വത്തിൽ കോന്നിത്താഴം, മുറിഞ്ഞകൽ, വലഞ്ചുഴി, പൂങ്കാവ് എന്നി യൂണിറ്റുകൾ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി.


www.malankaralibrary.com



www.malankaralibrary.com

# എം.സി.വൈ.എം.

## പത്തനംതിട്ട ഭദ്രാസന സമിതി 2024-25



അഭി. സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത
മുഖ്യ രക്ഷാധികാരി



മോൺ വർഗ്ഗീസ് മാത്യു കാലായിൽ വടക്കേതിൽ
സഹ രക്ഷാധികാരി



ഫാ. ജോബ് പതാലിൽ
ഡയറക്ടർ



ഫാ. സ്കോട്ട് സ്ലീബാ പുളിമൂടൻ
അസി. ഡയറക്ടർ



സി. ജൊവാൻ എസ്. ഐ.സി.
ആനിമേറ്റർ



ബിബിൻ എബ്രഹാം
പ്രസിഡന്റ്



സുബിൻ തോമസ്
ജന. സെക്രട്ടറി



വിശാഖ് വി.എൽ.
ട്രഷറാർ



ജിഷ ജോസ്
വൈസ് പ്രസിഡന്റ്



ലിന്റോ തോമസ്
വൈസ് പ്രസിഡന്റ്



ടെനി സജി
സെക്രട്ടറി




സ്നേഹ യോഹന്നാൻ
സെക്രട്ടറി




അബിൻ പി.ബിജു
സെക്രട്ടറി



ലിജോ ഫിലിപ്പ്
സഭാതല സിൻഡിക്കേറ്റ്



അക്സ രാജൻ
സഭാതല സിൻഡിക്കേറ്റ്




ലിനു വി. ഡേവിഡ്
കെ.സി.വൈ.എം. സിൻഡിക്കേറ്റ്



അലീന എലിസബത്ത് മാത്യു
കെ.സി.വൈ.എം. സിൻഡിക്കേറ്റ്



സിബിൻ പി. സാമുവേൽ
കെ.സി.വൈ.എം. സെനറ്റ്



സോന മറിയം ജോർജ്ജ്
കെ.സി.വൈ.എം. സെനറ്റ്



അജോഷ് എം. തോമസ്
എക്സ് ഒഫീഷ്യോ

www.malankaralibrary.com

EPIC 2024
ഭദ്രാസന യുവജന സംഗമം

മലങ്കര കാതലിക് യൂത്ത് മൂവ്മെന്റ്
പത്തനംതിട്ട ഭദ്രാസനം

# ഭദ്രാസന യുവജന സംഗമം

2024 ഒക്ടോബർ 6, ഞായർ 7.30 am
സെന്റ് മേരീസ് മലങ്കര സുറിയാനി
കത്തോലിക്കാ പള്ളി, പൂങ്കാവ്

ആതിഥേയത്വം കോന്നി വൈദിക ജില്ല

## പത്തനംതിട്ടയിലെ മലങ്കര യുവത്വത്തിന് നന്ദി

